മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 22 | THE ONLINE OFFICIAL NEWS BULLETIN | 2024 May 09

SEASON OF RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
	AWAITING HOLY SPIRIT		AWAITING HOLY SPIRIT		AWAITING HOLY SPIRIT	
♪6 Sunday before Pentecost Sunday School Day **12**	♪2 **13**	♪6 **14**	♪1  ✠ Feast of St. Mary for the Crops Comme. of St. Isaac of Ninave, Doctor of the Church **15**	♪6  34th Mem. of Yuhanon Mar Severios Metropolitan ✠ [Koratti Zion Seminary] **16**	♪2 **17**	♪6 **18**



മലങ്കര മൽപ്പാൻ കോനാട്ട് ജോൺസ് എബ്രഹാം ആർച്ച് കോറെപ്പിസ്കോപ്പായ്ക്ക് പാമ്പാക്കുടയിൽ നൽകിയ സ്വീകരണം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



ചന്ദനപ്പള്ളി വലിയപള്ളി പെരുന്നാൾ തീർത്ഥാടക സംഗമവും ഓർഡർ ഓഫ് സെന്റ് ജോർജ്ജ് സമർപ്പണവും നടന്നു. പ. മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ അധ്യക്ഷത വഹിച്ചു, മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം നിർവഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ മുഖ്യ പ്രഭാഷണം നിർവഹിച്ചു. ഓർഡർ ഓഫ് സെന്റ് ജോർജ് പുരസ്കാരം പ. കാതോലിക്ക ബാവാ അഗ്നിപുത്രി എന്നും ഇന്ത്യയുടെ മിസൈൽ വനിത എന്നും അറിയപ്പെടുന്ന ഡോ. ടെസി തോമസിന് സമർപ്പിച്ചു.




ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി പെരു ന്നാളിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനം തയാറാക്കിയ വാൾ ഓഫ് ഹിസ്റ്ററി (ചരിത്രത്തിന്റെ നാൾ വഴികളിലൂടെ) ഫോട്ടോ പ്രദർശനം ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് ഉദ്ഘാടനം ചെയ്തു.



പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ ഓർമ്മപ്പെരുന്നാളിൽ പ. കാതോലിക്കാ ബാവാ കബറിങ്കൽ ധൂപാർപ്പണം നടത്തുന്നു.



പുത്തൂർ വലിയപള്ളിയിലെ വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് സാംസ്കാരിക കൂട്ടായ്മയും പ്രഥമ ജോർജ്ജിയൻ അവാർഡുദാനവും നടന്നു. പ്രഥമ ജോർജ്ജിയൻ പുരസ്കാരം ഉമ്മൻ ചാണ്ടിയുടെ സാമൂഹ്യ സേവന ക്ഷേമ പ്രവർത്തനങ്ങൾ പരിഗണിച്ചു അദ്ദേഹത്തിന്റെ കുടുംബത്തിന് സമർപ്പിച്ചു.



അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ഡെപ്യൂട്ടി സെക്രട്ടറി ആയി കോശി ജോൺ ചുമതലയേറ്റു. അങ്കമാലി ഭദ്രാസനത്തിലെ കളമശേരി സെന്റ് ജോർജ് പള്ളി ഇടവകാംഗമാണ്.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1925-ലെ കല്പനകളുടെ നമ്പർ ബുക്ക്.

225. ചെറിയമഠത്തിൽ അന്ത്രയോസു കത്തനാർ.
226. പാമ്പാടി പള്ളിയിലെ കശീശന്മാർക്ക്.
227. പാതിക്കാട്ടുപള്ളി മുതലുപിടിക്ക്.
228. മുണ്ടപ്ലാക്കൽ യാക്കോബു കത്തനാർ.
229. കക്കുടിയിൽ മാത്യൂസ് കത്തനാർ.
230. കല്ലൂപ്പാറപള്ളി മുതലുപിടി.
231. കലയങ്കാട്ടിൽ തോമ്മസു കത്തനാർ.
232. നെടുമ്പ്രേത്തു കണ്ടത്തിൽ പോത്ത ഗീവറുഗീസു.
233. മുകക്കാട്ടു മത്തായി കത്തനാർക്കു.
234. കണിയാന്ത്ര അലക്സന്ത്രയോസ് കത്തനാർ.
235. കാരിക്കോട്ടു ബർസ്ലീബി കത്തനാർക്കു.
236. തൈക്കടവിൽ ഗീവറുഗീസു കത്തനാർ.
237. അടങ്ങപ്പുറത്തു യൗനാൻ കത്തനാർ.
238. കാട്ടുപറമ്പിൽ തോമ്മസു കത്തനാർ.
239. കാരിച്ചാൽ തകിടിയിൽ തോമ്മസു.
240. പുതിയകാവു പള്ളിയിലെ കശീശന്മാർക്കു.
241. പുത്തൻമഠത്തിൽ സ്കറിയാ കത്തനാർ.
242. ഉരുളിപ്പുറത്തു കോശി.
243. തേരകത്തു ചെറിയാൻകുഞ്ഞു.
244. പെരുമല തോമസു കത്തനാർ.
245. തുമ്പമൺ പള്ളിയിലെ കശീശന്മാർക്കു.
246. കീപ്പള്ളിൽ പത്രോസു കത്തനാർക്കു.
247. കൂരമ്പാല പള്ളി മുതൽപിടിക്കാരനു.
248. കിഴക്കേമണ്ണിക്കോയിക്കൽ ഇടിക്കുള.
249. പൂവത്തൂർ മൂപ്പച്ചന്.
250. പെരുക്കാവിൽ ഗീവറുഗീസു കത്തനാർക്കു.
251. പുത്തൻകാവു പള്ളിയിലെ കശീശന്മാർക്കു.
252. കോഴഞ്ചേരി പുത്തൻപള്ളി മുതലുപിടിക്കാരനു.
253. വഞ്ചിത്ര പള്ളി മുതലുപിടിക്ക്.
254. ഓമല്ലൂർ പള്ളിയിലെ കശീശന്മാർക്ക്.
255. കരിവാറ്റ.
256. കിഴക്കുപുറത്തു പള്ളി മുതലുപിടിക്ക്.
257. കണ്ണങ്കോട്ടു പള്ളിയിലെ കശീശന്മാർക്കു.
258. നാരങ്ങാനത്തു പള്ളി മുതലുപിടിക്ക്.
259. മൈലപ്ര പള്ളി മുതലുപിടി.
260. വടക്കേക്കര തോമ്മസു കത്തനാർ നരിയാകുന്നു പള്ളി.
261. കിഴവള്ളൂർ പള്ളി വികാരി, മുതലുപിടി.



262. മാന്തുക പള്ളിയിലെ കശീശന്മാർക്കു.
263. അറത്തി പള്ളി വികാരി തോമ്മസു കത്തനാർക്കു.

മുകളിൽ 221-ാം നമ്പർ മുതൽ 263-ാം നമ്പർ വരെ എഴുതിയിരിക്കുന്ന കല്പനകൾ റിശീസാ അയക്കുന്നതിനു കശീശന്മാർക്കും മുതലുപിടിമാർക്കും മറ്റും എഴുതിയിട്ടുള്ളതാണ്. 1100 മേടം 24-നു പരുമല സിമ്മനാരി.

264. കെ. സി. മാമ്മൻ മാപ്പിള അവർകൾക്കു. തുമ്പമൺ സ്കൂളിന്റെ കാര്യം. 1100 മേടം 26-നു പരുമല.

265. കാതോലിക്കാ ബാവാ തിരുമനസിലേക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 മേടം 26. പരുമല.

266. എൻ. ഐ. പോത്തന്. തോനയ്ക്കാട്ടു പോയി അവിടുത്തെ വഴക്കിനെക്കുറിച്ചു അറിഞ്ഞു ആ സംഗതിയിൽ പ്രവേശിച്ചതറിഞ്ഞെന്നും തോനയ്ക്കാട്ടുകാർ ഇവിടെ വന്നിരുന്നു എന്നും മറ്റും. 1100 മേടം 26. പരുമല.

267. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. പരുമല.

268. കെ. എം. മാമ്മൻ വക്കീലിനു. കൊറ്റമ്പള്ളിക്കാരൻ ദാനിയേൽ ശെമ്മാശന്റെ സംഗതിയെക്കുറിച്ചു. 1100 മേടം 27. പരുമല.

269. ദാനിയേൽ ശെമ്മാശനു കൊറ്റമ്പള്ളി. തന്റെ കാര്യം നാം ആലോചിക്കുന്നുണ്ടെന്നും മറ്റും. 1100 മേടം 27-നു.

270. കാതോലിക്കാ ബാവാ അവർകൾക്കു. വർത്തമാനങ്ങൾക്കും മറ്റും. വിവരം അറിയിക്കണമെന്നും. 1100 മേടം 27. പരുമല.

271. പി. എം. കൊച്ചയ്പ്പ വാദ്ധ്യാർക്കു. നമ്മെക്കൊണ്ട് അസാദ്ധ്യ സംഗതി സാധിക്കാഞ്ഞതിൽ മുഴിയേണ്ട ആവശ്യമില്ലെന്നും സുറിയാനി പഠിക്കുന്നതിന് നാം വിരോധം പറഞ്ഞില്ലെന്നും മറ്റും. 1100 മേടം 27. പരുമല.

272. കുഞ്ഞിക്കോര മത്തായി കരോട്ട്. വർത്തമാനങ്ങൾക്കും മറ്റും. 1100 മേടം

27. പരുമല.

273. കാതോലിക്കാ ബാവാ അവർകൾക്കു. അവിടുത്തെ വർത്തമാനങ്ങൾക്ക്. 1100 മേടം 27. പരുമല.

274. കല്ലറയ്ക്കൽ കുഞ്ചപ്പന്. വാകത്താനത്തറിഞ്ഞ സംഗതിയിൽ വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. 1100 മേടം 27-നു.

275. കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസു കത്തനാർക്കു. ഇത്രടം ഒന്നു വരുന്നപക്ഷം കണ്ടു സംസാരിക്കാമെന്നും മറ്റും. 1100 മേടം 29. പരുമല.

276. വള്ളക്കാലിൽ ഉണ്ണൂണ്ണിക്ക്. മോടിശേരി ശെമ്മാശന്റെ ഫീസിനെക്കുറിച്ചും മറ്റും. 1100 ഇടവം 3-നു. പരുമല.

277. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും എഴുതി. 1100 ഇടവം 3-നു. പരുമല.

278. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു. കർമ്മേലിന്റെ അടുത്ത സ്ഥലം വാങ്ങിക്കുന്ന കാര്യത്തെക്കുറിച്ചു ആലോചിച്ചു പ്രവർത്തിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

279. കിഴക്കേയറ്റത്തു കോരാ ചാക്കോ. വർത്തമാനങ്ങൾക്കും മറ്റും. 1100 ഇടവം 3-നു. പരുമല.

280. കെ. വി. അബ്രഹാം വക്കീലിനു. വർത്തമാനങ്ങൾക്കു. 1100 ഇടവം 3-നു. പരുമല.

281. ... ഉലഹന്നാൻ ഉലഹന്നനു. വർത്തമാനങ്ങൾക്കും മറ്റും. 1100 ഇടവം 7-നു പരുമല.

282. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. 35 രൂപാ അയക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

283. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. കേസിൽ മല്പാനെ ആദ്യം വിസ്തരിക്കേണ്ട കാര്യത്തെക്കുറിച്ചും വക്കീലന്മാരോടു പറയണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

284. ഐസക്കു മത്തായിക്കു. കർമ്മേലിന്റെ കാര്യത്തെക്കുറിച്ചും വർത്തമാനങ്ങൾക്കും മറ്റും. 1100 ഇടവം 7-നു. പരുമല.

285. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശന്. 250 രൂപ തൽക്കാലം അയക്കുന്നു എന്നും മറ്റും. 1100 ഇടവം 8-നു. പരുമല സിമ്മനാരി.

286. പനയ്ക്കൽ കുറിയാക്കു ഇയ്യുക്കുട്ടിക്ക്. അയച്ച എഴുത്തു കിട്ടി. വായിച്ചതിൽ സന്തോഷിക്കുന്നെന്നും ശെമ്മാശനെ നിങ്ങൾ നിർബന്ധിക്കണമെന്നും ശെമ്മാശനു എഴുതി അയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

287. മാത്തു ... നു. ഹാക്സ്മാലിയുടെ കാര്യം. ടി തീയതി. ടി സ്ഥലം.

288. കെ. എം. മാമ്മൻ മാപ്പിളയ്ക്കു. തെങ്ങുംതറയിൽ ഗീവറുഗീസു ... അവർകളെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

289. കാതോലിക്കാ ബാവായ്ക്കു. വർത്തമാനങ്ങൾക്ക്. 1100 ഇടവം 9. ടി സ്ഥലം.

290. ബഥനി ഈവാനിയോസു മെത്രാപ്പോലീത്താ അവർകൾക്കു. പറഞ്ഞിരുന്ന കാര്യം സാധിക്കുമോ എന്നു എഴുതി അയക്കണമെന്നും മറ്റും. 1100 ഇടവം 10-നു. പരുമല.

291. സി. എം. തോമസ് ശെമ്മാശന്. ...

292. വയലത്തല കുഴിയമണ്ണിലെ ... എഴുതി അയച്ചു. 1100 ഇടവം 10-നു. പരുമല.

293. ... വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. ... 1100 ഇടവം 12-നു. പരുമല സിമ്മനാരി.

294. വിലനിലത്തു മത്തായി കത്തനാർക്കു. അയച്ചുതന്ന രൂപ 19 ചക്രം നമുക്കു ഇവിടെ കിട്ടിയെന്നു. 1100 ഇടവം 12-നു. പരുമല.

255. എരിതോടു പള്ളി വികാരി പുരയ്ക്കൽ ഗീവറുഗീസ് കത്തനാർക്കു. ആ പള്ളി സംബന്ധമായി എന്തോ ചില വഴക്കുകൾ ഉള്ളതായും പുരയ്ക്കൽ കൊച്ചുകുഞ്ഞു ഒരു പോലീസ് കേസ് ചിലരെ പ്രതിചേർത്തു കൊടുത്തിരിക്കുന്നതായും അറിയുന്നു. അതിനാൽ അതിന്റെ തീരുമാനത്തിനു വാദിപ്രതികളെയും ചില പ്രമാണികളെയും കൂട്ടി അടുത്തുതന്നെ താൻ ഇവിടെ വന്നു ചേരണം. 1100 ഇടവം 12. പരുമല.

296. കല്ലൂപ്പാറ പള്ളിക്കാർക്കു. ഈ സിമ്മനാരി പള്ളിയിൽ കൂടി നടന്നു വരുന്ന കുറുമ്പേശത്തു മത്തായി ഗീവറുഗീസിന്റെ മകൾ ഏലി എന്ന പെണ്ണിനെ ആ ഇടവകയിൽ പെങ്ങക്കുളത്തു കോര ഉണ്ണി എന്ന കൊച്ചനെക്കൊണ്ട് വിവാഹം കഴിപ്പിച്ചിട്ടു ഇപ്പോൾ 15 കൊല്ലത്തോളമായി എന്നും ആദ്യം നാലഞ്ചു വർഷം പുരുഷൻ സ്ത്രീയെ അവന്റെ ഭവനത്തിൽ താമസിപ്പിച്ചിരുന്നെന്നും അവർക്കു രണ്ടു ആൺകുട്ടികൾ ജനിക്കയും ചെയ്തു എങ്കിലും ഇപ്പോൾ ഏഴെട്ടു വർഷത്തോളമായി പുരുഷൻ സ്ത്രീയെ കൂട്ടിക്കൊണ്ടു പോകയോ കൂടെ താമസിപ്പിക്കുകയോ ചെയ്യുന്നില്ലെന്നും സ്ത്രീ അവളുടെ പിതാവിന്റെ ഭവനത്തിൽ വന്നു താമസിക്കുകയാണെന്നും അതു മഹാ സങ്കടമാണെന്നും അതിലേക്കു ഒരു പരിഹാരമുണ്ടാക്കി കൊടുക്കണമെന്നും മറ്റും ടി ഗീവറുഗീസ് നമ്മുടെ അടുക്കൽ അയ്യം ബോധിപ്പിച്ചിരിക്കയാൽ ഈ കല്പന എഴുതുന്നതാണ്. പുരുഷന്മാർ തങ്ങളുടെ സ്ത്രീജനങ്ങളെ ഈവിധം സങ്കടപ്പെടുത്തുന്നത് സഭാനിയമങ്ങൾക്കും സന്മാർഗ്ഗ നിയമങ്ങൾക്കും എതിരായിട്ടുള്ളതാകയാൽ സഭാംഗങ്ങളെ ഈവിധം തന്നിഷ്ടങ്ങൾക്കു വിട്ടുകൊടുക്കുന്നത് നടപ്പില്ലാത്തതിനാൽ ഇടവകക്കാർ ഇതിലേക്കു പരിഹാരമുണ്ടാക്കി കൊടുക്കുന്നതിനു ചുമതലക്കാരാകയാൽ ഇതിനെ ഒഴിഞ്ഞു കല്പനയെ പ്രമാണിച്ചിട്ടില്ലാത്തതിനാൽ ടി ഉണ്ണിയെ യോഗമുമ്പാകെ വരുത്തി അവന്റെ ഭാര്യയെ കൊണ്ടുപോയി അവന്റെ കൂടെ താമസിപ്പിപ്പാൻ തക്കവണ്ണം ശട്ടംകെട്ടി സ്ത്രീയുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കിക്കൊടുക്കയും അവൻ അതിനു വഴിപ്പെടാത്തപക്ഷം അവനെ പള്ളിക്കുറ്റത്തിൽ നിർത്തിക്കൊള്ളുകയും ചെയ്യണം. ശേഷം കാര്യങ്ങൾക്ക് പിന്നാലെ നാം കല്പന അയക്കുന്നതാണ്. സർവ്വശക്തനായ... 1100 ഇടവം 15-നു പരുമല സിമ്മനാരിയിൽ നിന്നും.

297. കെ. എം. മാമ്മൻ മാപ്പിളയ്ക്കു. തുമ്പമൺ സ്കൂളിലെ നിയമനങ്ങളെക്കുറിച്ചും മറ്റും. 1100 ഇടവം 15. പരുമല.

298. കെ. വി. അബ്രഹാം വക്കീലിനു. കേസുകളെക്കുറിച്ചും മറ്റും. 1100 ഇടവം 16. പരുമല.

299. തട്ടാശ്ശേരിൽ യാക്കൂബ് കത്തനാർക്കു. ഇത്രടം വന്നുപോകണമെന്നു. 1100 ഇടവം 16. പരുമല.

300. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

301. പുലിക്കോട്ടിൽ ജോസഫ് ശെമ്മാശനു. അധികം താമസിയാതെ 100 രൂപാ കൂടെ അയച്ചുതരാമെന്ന്. ടി തീയതി. ടി സ്ഥലം.

302. എം. പി. മാത്യു വാദ്ധ്യാർക്കു. വർത്തമാനങ്ങൾക്കും കർമ്മേലിന്റെ കാര്യവും. 1100 ഇടവം 16. പരുമല.

303. ചെറിയമഠത്തിൽ അന്ത്രയോസു കത്തനാർക്കു. പീലിപ്പോസു വക്കീലിനോടും മറ്റും ആലോചിക്കുന്നതു നല്ലതാണെന്നും ... എതിരേൽക്കുന്നതു നല്ലത് എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

304. പി. കെ. ഇട്ടിമാത്തുവിന്. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

305. റ്റി. കെ. ഉതുപ്പിന്. ജയത്തിൽ അനുമോദിക്കുന്നതായും നമ്മുടെ സ്കൂളിൽ തൽക്കാലം ഒഴിവില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

306. ചെറിയമഠത്തിൽ കൊച്ചു യാക്കൂബ് കത്തനാർക്കു. കാനത്തിക്കാരന്റെ കല്യാണകാര്യത്തെക്കുറിച്ചു ബാവായോടു ആലോചിക്കാമെന്നും മറ്റും. 1100 ഇടവം 16. പരുമല.

307. കെ. പി. സഖറിയായ്ക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

308. വേങ്ങൽ ഗീവറുഗീസു കത്തനാർക്കു. വാണിയപുരയ്ക്കൽ കുഞ്ഞപ്പിയുടെ കബറു കെട്ടിയതിനെക്കുറിച്ചുള്ള സംഗതിയെക്കുറിച്ചു കേൾക്കുന്നതിനു ടിയാന്റെ മകനും മറ്റും നാളെ ഇവിടെ വരത്തക്കവണ്ണം ശട്ടംകെട്ടിയിരിക്കുന്നതിനാൽ താനും തന്റെ അപ്പനും നാളെ നമ്മുടെ അടുക്കൽ വന്നുചേരണമെന്നും മറ്റും. 1100 ഇടവം 16. പരുമല.

309. കലയങ്കാട്ടിൽ തോമ്മസ് കത്തനാർക്കു. കവിയൂർ പള്ളിയിലെ റീശീസായ്ക്ക് കല്പന അയച്ചാറെ അയച്ചുതന്നില്ല. അതിനാൽ അതു ഉടനെ അയച്ചുതരണമെന്ന്. 1100 ഇടവം 17. പരുമല.

310. പാതിക്കാട്ടു പള്ളി മുതലുപിടി. ടി കാര്യം. ടി തീയതി. ടി സ്ഥലം.

311. ഐരാറപള്ളിൽ പാപ്പി. ടി കാര്യം. ടി തീയതി. ടി സ്ഥലം.

312. തകിടിയിൽ തോമ്മസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

313. കീപ്പള്ളിൽ പത്രോസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

314. ശങ്കരത്തിൽ മത്തായി കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

315. ചക്കിട്ടേടത്തു തോമ്മസു കത്തനാർക്കു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

316. കൊപ്പാറ ഗീവറുഗീസു ശെമ്മാശ്ശനു. ആ പള്ളിയിലെ റിശീസാ അയച്ചു തന്നിട്ടില്ല. അയച്ചുതരികയോ വാങ്ങി അയച്ചുതരികയോ ചെയ്യണമെന്ന്. 1100 ഇടവം 17. പരുമല.

317. വടക്കേക്കര തോമ്മസു കത്തനാർക്കു. തന്റെ ഭരണത്തിലിരിക്കുന്ന പരിയാരം, നാരങ്ങാനം, വഞ്ചിത്ര ഈ പള്ളികളിലെ റീശീസാ അയച്ചുതരണമെന്നും മറ്റും. 1100 ഇടവം 17. പരുമല.

318. ബഥനി മെത്രാച്ചന് ... വെർണ്ണാക്കുലർ സ്കൂൾ ... യുടെ കാര്യത്തെക്കുറിച്ച്. 1100 ഇടവം 17. പരുമല.

319. ... ഫീലിപ്പോസു കശീശായ്ക്കു. ഒരു വികാരിയുടെ ... ഒരു കുറി കൊടുത്തതിനെക്കുറിച്ചു ചോദിപ്പാൻ ഇത്രടം വരണമെന്നും മറ്റും. 1100 ഇടവം 18. പരുമല.

322. ചുരിനേത്തു യാക്കൂബു ശെമ്മാശനു. മല്പാൻ കണ്ണു ... കൊണ്ട് താൻ ഇവിടെ വന്നു താമസിക്കുന്നതുകൊണ്ടു ഫലമില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

323. പി. കെ. കൊച്ചൈയ്പ വാദ്ധ്യാർക്കു. കുറ്റപ്പിനെ നമുക്കു പരിചയമില്ലെന്നും മറ്റും. വേണമെങ്കിൽ എഴുതും. ടി തീയതി. ടി സ്ഥലം.

324. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾ അറിയിക്കണമെന്നും മറ്റും. 1100 ഇടവം 20-നു. പരുമല.

325. താഴത്തെ പീടികയിൽ അലക്സന്ത്രയോസു കത്തനാർക്കു. പനയമ്പാല പള്ളി തൽക്കാല കൂദാശ ചെയ്ത് അവരുടെ ആത്മീയ ദിഷ്ടതി നടത്തിക്കൊടുക്കുന്നതിന് ... ആ പള്ളിക്കു വികാരിയായി തന്നെ നാം നിയമിക്കുന്നു എന്നും മറ്റും. 1100 ഇടവം 20-നു പരുമല നിന്നും.

326. കൊച്ചുമെത്രാച്ചനു. കാനത്തിക്കാരുടെ പള്ളി വെക്കുന്നതിനു അനുവദിക്കുന്നതിനെക്കുറിച്ചും മറ്റും. 1100 ഇടവം 20-നു. പരുമല.

327. അമ്പലത്തുങ്കൽ ഇട്ട്യേരം മാത്തു. വർത്തമാനങ്ങൾക്കും മറ്റും എഴുതി അയച്ചു. 1100 ഇടവം 22. പരുമല.

328. കെ. സി. ഈപ്പൻ മാപ്പിളയ്ക്കു. കൊല്ലകടവുകാരൻ വി. കെ. കോശിക്കു കോന്നി ഡിവിഷനിൽ ഒരു സ്ഥലംമാറ്റം കിട്ടുന്നതിനു ശ്രമിക്കണമെന്നും മറ്റും. 1100 ഇടവം 22. പരുമല.

329. മാരേട്ടു പീലിപ്പോച്ചനു. മകൻ ഉണ്ണൂണ്ണിയുടെ കല്യാണത്തെക്കുറിച്ച് അനുവദിച്ച്. 1100 ഇടവം 25. പരുമല.

330. മട്ടയ്ക്കൽ മല്പാൻ അവർകൾക്ക്. കേസിനെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

331. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. പുനരു കൊടുക്കുന്നതിനു താമസിക്കത്തില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

332. കെ. എം. ജോർജ്ജിനു. ശീമോൻ ശെമ്മാശന്റെ കല്യാണത്തിന് അനുഗ്രഹ കല്പന. 1100 ഇടവം 23. പരുമല.

333. ഒ. സി. കുര്യാക്കോസ് കത്തനാർക്കു. പത്രിക തിരികെ അയയ്ക്കണമെന്നും മറ്റും. 1100 ഇടവം 23. പരുമല സിമ്മനാരി.

334. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. ഒഴിവുകളുണ്ടെങ്കിൽ നമ്മുടെ കയ്യാലാത്തു ശെമ്മാശനെയും കൂടെ അവിടെ നിയമിച്ചുകൊള്ളണമെന്നും മറ്റും. 1100 ഇടവം 26. പരുമല.

336. കിഴക്കേയറ്റത്തു കുഞ്ഞപ്പനു. ടി തീയതി. ടി സ്ഥലം.

337. കെ. വി. അബ്രഹാം വക്കീലിനു. ടി തീയതി. ടി സ്ഥലം.

338. മട്ടയ്ക്കൽ മല്പാനു. കേസു വർത്തമാനങ്ങൾക്കും മറ്റും. 1100 ഇടവം 29-നു. പരുമല.

343. ബഥനി മെത്രാച്ചനു. .....

344. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. 1100 ഇടവം 29. ടി സ്ഥലം.

345. മാരേട്ടു പീലിപ്പോച്ചനു. ജഡ്ജി സ്ഥാനലബ്ധിയിൽ അനുമോദിച്ച്. ടി തീയതി. ടി സ്ഥലം.

346. മട്ടയ്ക്കൽ മല്പാനു. പുനരിനെ സംബന്ധിച്ച വർത്തമാനങ്ങൾക്കു. 1100 ഇടവം 30. പരുമല.

347. എ. എം. വർക്കിക്കു. കെ. ജെ. മത്തായി ശെമ്മാച്ചനെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

348. Mgr Vallackal. കുര്യാളശ്ശേരി മെത്രാച്ചന്റെ വിയോഗത്തിൽ അനുശോചിച്ചു. 1100 മിഥുനം 2-നു. പരുമല.

349. ജി. അലക്സാണ്ടർ മാസ്റ്റർക്കു. മകളുടെ മരണത്തിൽ അനുശോചിച്ചു. 1100 മിഥുനം 3-നു. പരുമല സിമ്മനാരി.

350. മട്ടയ്ക്കൽ മല്പാനു.

351. ചീരാമ്യാലിൽ ഗീവറുഗീസു കത്തനാർക്കു.

352. പുലിക്കോട്ടിൽ കുരിയപ്പനു.

353. ചെറിയമഠത്തിൽ സ്കറിയാ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

354. പീടികയിൽ ഗീവറുഗീസ് കത്തനാർക്കു. സ്ഥലത്തെ കാര്യം സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

355. ചെറിയമഠത്തിൽ സ്കറിയാ കത്തനാർക്കു. ... ക്കുള്ള എഴുത്തു അയക്കുന്നുവെന്നു. 1100 മിഥുനം 4. പരുമല.

356. വി. ജി. ജോർജ്ജിനു. ഒരു കേസു സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

357. മട്ടയ്ക്കൽ മല്പാനും.

358. കുരിശുങ്കൽ മാണി കത്തനാർക്കും.

359. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കും. വർത്തമാനങ്ങൾക്കും കേസിനെ സംബന്ധിച്ചും മറ്റും. 1100 മിഥുനം 5. പരുമല.

360. ചക്കിട്ടടത്തു തോമ്മാ കത്തനാർക്കു. സ്കൂളിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

361. മാരനാട്ടു അബ്രഹാം ശെമ്മാച്ചനു. ക്ലാസിൽ ചേരുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

362. കളമ്പുകാട്ട് ഈപ്പച്ചനു. ഒരു മകനെ സ്കൂളിൽ നിയമിക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

363. പുളിമൂട്ടിൽ തോമ്മാച്ചനു. വഞ്ചിയിൽ കത്തനാരെക്കുറിച്ചുള്ള വർത്തമാനങ്ങൾ കൊടുക്കണമെന്ന്. ടി തീയതി. ടി സ്ഥലം.

364. വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കു. വിലനിലത്തു കൊച്ചു കത്തനാരുടെ മകന്റെ ഫീസു സംബന്ധിച്ചും മറ്റും. മിഥുനം 6-നു. പരുമല.

365. തിരുമൂല സ്കൂളിലെ സിസ്റ്റർ രൂത്തിനു. 20-ലെ മീറ്റിംഗിനു വന്നുചേരാൻ സാധിക്കയില്ലെന്നും മറ്റും. 1100 മിഥുനം 7-നു. പരുമല.

366. മട്ടയ്ക്കൽ മല്പാനു.

367. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. പുനർ, കുമരകം കായൽ വിളവെടുപ്പു കേസ് ഇവ സംബന്ധിച്ചു. മിഥുനം 7-നു. പരുമല.

368. മട്ടയ്ക്കൽ മല്പാനു. പുനരിനെ സംബന്ധിച്ചു. 1100 മിഥുനം 9. പരുമല.

369. ബഥനി മെത്രാച്ചനു. ചില പുസ്തകങ്ങൾ തിരുവനന്തപുരത്തിനയച്ചു കൊടുക്കണമെന്നു. 1100-മാണ്ടു മിഥുനം 9-നു. പരുമല.

370. പി. പി. തൊമ്മൻ മാസ്റ്റർക്കു.

371. എറികാട്ടു കൊച്ചു കുഞ്ചപ്പനു.

372. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മറ്റും. 1100 മിഥുനം 10-നു. പരുമല സിമ്മനാരി.

373. ജോൺ വക്കീലിനു.

(തുടരും)


സഭാചരിത്രം



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994–ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



8

ഓർത്തഡോക്സ് സഭയോട് വിട

പിറ്റെദിവസം തിങ്കളാഴ്ച ബഥനിയിൽ ബാക്കിയുണ്ടായിരുന്ന ആശ്രമസ്ഥർക്ക്, അവരവരുടെയും ആശ്രമത്തിലെയും സാധനങ്ങൾ കെട്ടുകെട്ടുകളാക്കുകയായിരുന്നു പ്രധാന ജോലി. ബഥനി ലൈബ്രറിയിലുണ്ടായിരുന്ന പ്രധാനപ്പെട്ട പുസ്തകങ്ങളും രേഖകളും കണക്കുബുക്കുകളും 1910 മുതൽ വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നു വായിക്കുവാനും പഠിക്കുവാനുമായി, മാർ ഈവാനിയോസ് വാങ്ങിയിരുന്ന അച്ചടിച്ചതും അല്ലാത്തതുമായ മലയാളം–സുറിയാനി ഗ്രന്ഥങ്ങളും എല്ലാം ആ കെട്ടുകളിൽ ഉണ്ടായിരുന്നു. കൂടാതെ പള്ളിസാധനങ്ങൾ, പാചകപ്പാത്രങ്ങൾ, ഉപ്പുമാങ്ങാഭരണികൾ, കഞ്ഞി കുടിക്കുവാനുള്ള മൺപാത്രങ്ങൾ തുടങ്ങി പലതും അവർ കൊണ്ടുപോകുവാൻ മറന്നില്ല. 1930 ഓഗസ്റ്റ് 20–നു ചൊവ്വാഴ്ച അതിരാവിലെ കൂലിക്കാർ വന്ന് ഈ ഭാണ്ഡങ്ങൾ വള്ളക്കടവിലേക്കു കൊണ്ടുപോകുവാൻ തുടങ്ങി. പ്രഭാതഭക്ഷണം കഴിഞ്ഞ് 9 മണിക്കു ചാപ്പലിൽ മണിയടിച്ചു. എല്ലാവരും ചാപ്പലിൽ വന്നു. മാർ ഈവാനിയോസിന്റെയും മാർ തെയോഫിലോസിന്റെയും നേതൃത്വത്തിൽ ബഥനി ആശ്രമത്തോടും മലങ്കര സുറിയാനി സഭയോടും ഉള്ള അന്ത്യയാത്രാഗീതങ്ങൾ മുഴങ്ങി: “റോമൻ കത്തോലിക്കാ സഭയിലേക്കു ഞങ്ങൾ പോവുകയാണ്. നിങ്ങൾ എല്ലാവരും ചികിത്സയിൽ കിടക്കുന്ന ആബൂനാ അലക്സിയോസിന്റെ മുറിയുടെ വാതുക്കൽ വരിവരിയായി ചെന്ന് അദ്ദേഹത്തോട് ഒന്നും സംസാരിക്കാതെ യാത്രാശംസകൾ നേർന്ന് വള്ളക്കടവിലേക്ക് പൊയ്ക്കോൾക. ഞങ്ങൾ മേല്പട്ടക്കാർ ഇരുവരും പുറകേ വന്നുകൊള്ളാം.” അങ്ങനെ എല്ലാവരും വെണ്ണിക്കുളത്തേക്ക് യാത്രയായി. അവസാനമായി മാർ ഈവാനിയോസ്, ആബൂനാ അലക്സിയോസ് കിടന്ന മുറിയിൽ പ്രവേശിച്ചു. കാര്യസ്ഥൻ പാപ്പി അവിടെ ഉണ്ട്. യാത്രയുടെ ഉദ്ദേശ്യങ്ങളെല്ലാം പറഞ്ഞു കേൾപ്പിച്ചു. “ആബൂനാ പത്ഥ്യമെല്ലാം കഴിഞ്ഞിട്ട് കത്തോലിക്കാ സഭയെ ആശ്ലേഷിക്കാൻ വന്നാൽ മതി. ആബൂനായുടെ കാര്യങ്ങളെല്ലാം പാപ്പി നോക്കിക്കൊള്ളും” എന്നു പറഞ്ഞു തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. “ഇതാ ചെലവിന് കുറച്ചു രൂപയും” എന്ന് പറഞ്ഞ് ഒരു പൊതിക്കെട്ട് (250 രൂപ) ആബൂനായുടെ തലയണക്കീഴിൽ വച്ചു. മാർ ഈവാനിയോസ് മുറിയിൽനിന്ന് ഇറങ്ങുന്നതും അലക്സിയോസ് അച്ചൻ മോഹാലസ്യപ്പെട്ടു കട്ടിലിൽ മറിഞ്ഞതും ഒന്നിച്ചായിരുന്നു. കാര്യസ്ഥൻ പാപ്പിയുടെ ദൃക്സാക്ഷി വിവരണമാണിത്.

വെണ്ണിക്കുളത്തേക്ക് മാർ ഈവാനിയോസും കൂട്ടരും പോയപ്പോൾ അനാഥശാലയിലെ പ്രായപൂർത്തിയാകാത്ത കുട്ടികളെയും കൂടെ കൊണ്ടുപോയി. പ്രായപൂർത്തിയായവരെ നേരത്തെതന്നെ പിരിച്ചുവിട്ടിരുന്നു താനും.

മാർ ഈവാനിയോസിൽ നിന്നുണ്ടായ മാനസിക പീഡനങ്ങൾ നിമിത്തം ആശ്രമത്തിൽ നിന്ന് ഒളിച്ചോടിപ്പോയിരുന്ന ചില സന്യാസികൾ ഏതാനും

ദിവസം കഴിഞ്ഞപ്പോൾ തിരികെ വന്ന് ഫാ. അലക്സിയോസിന്റെ കൂടെ താമസം തുടങ്ങി.

ഈ സംഭവത്തെപ്പറ്റി. ഫാ. കെ. ഗീവർഗീസ് അഞ്ചൽ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: "... പിന്നെ താമസിച്ചില്ല, ആ ദിവസം സമാഗതമായി. പതറാതെ, വിറയ്ക്കാതെ ആ സഭാത്യാഗി ഇറങ്ങിപ്പോയി. ആശ്രമാദ്ധ്യക്ഷൻ ആശ്രമം വിട്ടു. വിശുദ്ധ സഭ വിട്ടു. ഊട്ടിവളർത്തിയ സഭാമാതാവ് കുത്തേറ്റു പിടഞ്ഞു. അവജ്ഞാകരമായ ആ യാത്രയ്ക്ക് ആബൂനാ കൊടുത്ത രൂപ ആവശ്യമായിരുന്നു. ക്രൂരമായ വഞ്ചനയുടെ നികൃഷ്ടമായ യാത്ര ആബൂനായുടെ ഹൃദയത്തിന്റെ നെറുകയിലേറ്റ ആഘാതമായിരുന്നു. വികാരങ്ങൾ വിറകൊണ്ടു. വേദനയുടെ നെടുവീർപ്പുകൾ ഞെങ്ങി നിരങ്ങി നീങ്ങി. കാളരാത്രികൾ പലതു കടന്നു. വേദനയുടെയും കണ്ണുനീരിന്റെയും ദിനങ്ങൾ വരാനിരിക്കുന്നതേയുള്ളു. പൊതുജന സഹതാപം ആർജ്ജിക്കുവാൻ 'വിശ്വാസത്തിന്റെ പേരിൽ വെറുംകൈയോടെ പോകുന്നു' എന്ന് വീമ്പിളക്കി, പെരുമ്പറയടിച്ച് പ്രസിദ്ധപ്പെടുത്തിയ സഭാത്യാഗിയായ ആശ്രമാദ്ധ്യക്ഷൻ, ബഥനി ആശ്രമവസ്തുക്കൾക്കു വേണ്ടി, സഭാത്യാഗത്തിനു പ്രതിഫലമായി ലഭിച്ച ദ്രവ്യനിക്ഷേപങ്ങളിൽ പദങ്ങളൂന്നിക്കൊണ്ട് ബീഭത്സസന്നാഹങ്ങളോടെ വ്യവഹാരത്തിനായി വന്ന് ഭീകര ഗർജനം നടത്തുകയാണ് ചെയ്തത്. മിന്നലിനു മുമ്പിൽ നാഗം എന്നപോലെ ആബൂനാ അലക്സിയോസ് ഞെട്ടിപ്പോയി. ആദർശധീരനും സത്യനിഷ്ഠനുമായ ആ സന്യാസശ്രേഷ്ഠന്റെ മുമ്പിൽ രണ്ടു കാര്യങ്ങളാണ് മുന്തിനിന്നത്, ഒന്ന്: സത്യധർമ്മാദികൾക്കും, നീതിനിഷ്ഠകൾക്കും വേണ്ടി സമരം ചെയ്യുക. രണ്ട്: ഒരു ഭീരുവിനെപ്പോലെ അസത്യത്തിനും അധർമ്മത്തിനും അനീതിക്കും വഴങ്ങിക്കൊടുക്കുക. വിശ്വാസവീരനും ആത്മധീരനും അഭിമാനധനനും ആയ ആബൂനാ ഒന്നാമത്തേത് സ്വീകരിച്ചു. വ്യവഹാരങ്ങളുടെ വ്യഗ്രതയേറിയ വീഥികളിൽ അദ്ദേഹം അപരിചിതനും അപണ്ഡിതനുമായിരുന്നു" (ബഥനിയുടെ പനിമലർ, പേജ് 88, 89).

നിങ്ങൾ ആശ്രമക്കാരാണെന്നും കേസിൽ ഏർപ്പെടുന്നതു നന്നല്ലെന്നും പറഞ്ഞിരിക്കരുതെന്ന് സഭാഭാസുരന്റെ ഉപദേശം

നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഫാ. അലക്സിയോസിനു വാഴ്വ്.

പ്രിയനെ, അയച്ച എഴുത്തു കിട്ടി. അവിടത്തെ വർത്തമാനങ്ങൾ വറുഗീസ് സാധു പറഞ്ഞറിയുകയും ചെയ്തു. യാതൊരു കേസിലും ഉൾപ്പെടുവാൻ ഇടയാകരുതെന്നു നമുക്കും ആഗ്രഹമുള്ളതാണ്. സഭയെയും സഭയോടുള്ള നമ്മുടെ ഡ്യൂട്ടിയെയും ഓർത്തു ഗത്യന്തരമില്ലാതെ തീർന്നതിനാൽ കേസുകൾ നടത്തേണ്ടി വന്നതാണ്. കഴിവുള്ളപക്ഷം നിങ്ങളും കേസുകളിൽ നിന്നും ഒഴിഞ്ഞിരിക്കയാണ് നല്ലതെന്നു നമുക്കറിയാം. വേറെ മാർഗ്ഗമില്ലെങ്കിൽ എന്തു ചെയ്യാം. ബഥനി സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം ബഥനി സ്ഥാപനത്തിനുള്ളതാണെന്നും, സുപ്പീരിയർക്കോ വിസിറ്റർക്കോ ആർക്കും ഇരിക്കുന്നതല്ലെന്നും അറിഞ്ഞിരിക്കണം. സ്ഥാപനോദ്ദേശ്യമനുസരിച്ച് ഇപ്പോൾ നടത്തിവരുന്നതു ഈവാനിയോസ് മെത്രാൻ ... ഫാ. അലക്സിയോസ്, ഫാ. ബർസ്കീപ്പാ മുതലായവരാണെന്നും അരമനക്കേസിൽ നാം പത്രിക കൊടുക്കുന്നുണ്ട്. അതിനാൽ ബഥനി വകയ്ക്കു കക്ഷി ചേരേണ്ടിയിരുന്നാൽ ചാപ്റ്ററിന്റെ തെരഞ്ഞെടുപ്പ് അനുസരിച്ചോ മറ്റോ നിങ്ങളിൽ ചിലർ ചേരേണ്ടിയതു അത്യാവശ്യമാണ്. ജോൺ വക്കീലിന്റെയും മറ്റും അഭിപ്രായം അനുസരിച്ചാണ് ഇതു നാം പറയുന്നത്. മാവേലിക്കര പള്ളിയുടെ സമരിക്കേസിൽ ഫാ. ബർസ്കീപ്പാ മുക്തിയാർകാരനായി ചേർന്നാൽ മതിയെങ്കിൽ അങ്ങനെ ചെയ്യണം. ആ കേസിലെ വക്കീലന്മാരു .... ജോൺ വക്കീൽ, ഫീലിപ്പോസ് വക്കീൽ, സൈമൺ വക്കീൽ മുതലായി തിരുവനന്തപുരത്തെ നമ്മുടെ വക്കീലന്മാരുടെയോ അഭിപ്രായമനുസരിച്ചു വേണ്ടവിധം ചെയ്യണം. ആയതു മാവേലിക്കരക്കാർ പറഞ്ഞു തരാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ബഥനി ചാപ്റ്ററിന്റെ തിരഞ്ഞെടുപ്പായിരിക്കാം ഇതിലേക്കു നല്ലത്. വിസിറ്റർ ആയ നമ്മുടെ കല്പന ആവശ്യമുണ്ടോ എന്നറിയുന്നില്ല. ആവശ്യമുള്ളപക്ഷം അറിയിച്ചുതന്നാൽ കല്പന അയച്ചുകൊള്ളാം. ചാപ്റ്ററിന്റെ അംഗങ്ങൾ കത്തനാരന്മാരായിക്കമെന്നു നിർബന്ധമില്ല. അവിടെയുള്ള സാധുക്കളെയും ചേർക്കാവുന്നതാണ്. ചാപ്റ്റർ കൂടി തിരഞ്ഞെടുത്തു ഇതിലേക്കു ഒന്നോ രണ്ടോ പേരെ ചുമതലപ്പെടുത്തുന്നതിനു നമ്മുടെ കല്പന കൂടെ ആവശ്യമെങ്കിൽ ഈ നമ്മുടെ കല്പനയാൽ തന്നെ നാം അനുവദിച്ചിരിക്കുന്നു. റീത്തു മെത്രാനു ബഥനി വകയായി പല കടങ്ങൾ ഉണ്ടെന്നും ആ കടങ്ങൾ ഒക്കെയും ബഥനി വക വസ്തുക്കളിൽ നിന്നു ഈടാക്കണമെന്നും മറ്റുമാണ് റീത്തു മെത്രാന്റെയും കൂട്ടരുടെയും ഉദ്ദേശ്യം. ബഥനിവക വരവുചെലവുകളുടെ കണക്കുകൾ കേൾപ്പിച്ചിട്ടില്ലെന്നും കടം വരുവാൻ ഇടയില്ലെന്നും സുപ്പീരിയർ ആയ റീത്തു മെത്രാനു ഒരു ട്രസ്റ്റിയുടെ നില മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ഉടമസ്ഥാവകാശം അദ്ദേഹത്തിനില്ലെന്നും ട്രസ്റ്റിക്കു ട്രസ്റ്റികളെ നിയമിപ്പാൻ നിയമം അനുവദിക്കുന്നതല്ലെന്നും അദ്ദേഹവും അദ്ദേഹത്തോടുകൂടെ പലരും റോമൻ കത്തോലിക്കാ മതത്തിൽ ചേരുന്നതിനാൽ ബഥനി വക സമ്പാദ്യങ്ങൾ കടമെന്നും മറ്റും കാരണം പറഞ്ഞു ബഥനി സമ്പാദ്യങ്ങൾ ... ടേതും ആക്കിത്തീർക്കണമെന്നുള്ള ഉദ്ദേശ്യത്തിന്മേൽ അവർ പല കരാറുകളും രേഖകളും ഉണ്ടാക്കിയിട്ടുണ്ടെന്നും ഉണ്ടാക്കുന്നുണ്ടെന്നും അതുകൾ ബഥനി സ്ഥാപനത്തെ ബന്ധിക്കുന്നതല്ലെന്നും മറ്റുമാണ് നമ്മുടെ വാദം. സത്യം ഈവിധമിരിക്കെ നമ്മുടെ സത്യത്തെ കോടതി മുഖാന്തിരം വെളിപ്പെടുത്തേണ്ട ആവശ്യം നേരിട്ടിരിക്കുന്നതിനാൽ നിങ്ങൾ ആശ്രമക്കാരാണെന്നും കേസിൽ ഏർപ്പെടുന്നതു നന്നല്ലെന്നും മറ്റും പറഞ്ഞു ഒഴിയുന്നതായാൽ അതു സുറിയാനി സഭയോടും ബഥനി സ്ഥാപനത്തോടും ചെയ്യുന്ന ഒരു അപരാധമായി മാത്രമേ കണക്കിടപ്പെടുകയുള്ളു എന്നാണ് നമ്മുടെ അഭിപ്രായം.

ബഥനിവക കണക്കുകൾ കേൾപ്പിക്കുന്നതിന് അവരുടെ കൈവശമുള്ള വസ്തുക്കളെ വിടുർത്തിച്ചു നിങ്ങളുടെ കൈവശം ആക്കുന്നതിനുംവേണ്ടി ഒരു കേസു നിങ്ങൾ ഫയൽ ചെയ്യേണ്ടി വരുമെന്നാണു തോന്നുന്നത്. അതു പിന്നാലെ അടുത്തുതന്നെ ചെയ്താൽ മതിയാകും. ഇപ്പോൾ തൽക്കാലം കക്ഷി ചേരേണ്ടിയ സ്ഥാനങ്ങളിൽ കക്ഷി ചേരുകയും വേണം. നമ്മുടെ സഭയിലെ വഴക്ക് സമാധാനപ്പെട്ടു തീരുമെന്നു തന്നെയാണ് നമ്മുടെ ആശയും വിശ്വാസവും. അത് അധികം താമസിയാതെ തന്നെ നടക്കുമെന്നും ആശിക്കുന്നു.

സർവ്വശക്തനായ ദൈവം എല്ലാവിധത്തിലും നിങ്ങളെ സഹായിച്ചു അനുഗ്രഹിക്കുമാറാകട്ടെ. .... വേണ്ടിയും ബലഹീനനായ നാം പ്രാർത്ഥിക്കുന്നു. ദൈവകൃപയാൽ ഞങ്ങൾ സുഖമായിരിക്കുന്നു.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു 1107 ചിങ്ങം 18-ന് കോട്ടയം സിമ്മനാരിയിൽ നിന്നും.

"സമരം സിംഹവും സിംഹവും തമ്മിലായിരുന്നില്ല; കുഞ്ഞാടും സിംഹവും തമ്മിലായിരുന്നു. നീതിയും അനീതിയും തമ്മിലായിരുന്നു. ആത്മപ്രഭാവവും ലൗകിക പ്രതാപങ്ങളും തമ്മിലായിരുന്നു. ഇരുട്ടും വെളിച്ചവും ഏറ്റുമുട്ടിയപ്പോൾ ചില മദ്ധ്യസ്ഥന്മാർ രംഗത്തുവന്നെങ്കിലും അവർക്ക് ആർക്കും വിജയിക്കുവാൻ കഴിഞ്ഞില്ല. വെയ്ക്കപ്പെട്ട വ്യവസ്ഥകളെല്ലാം നിർജ്ജീവങ്ങളോ നിർഗന്ധങ്ങളോ ആയിരുന്നു.

ശൗൽ രാജാവ് ദാവീദിനോട് കാണിച്ചതുപോലെയുള്ള സമീപനമായിരുന്നു മാർ ഈവാനിയോസിന്റേത്. സമരം മൂർച്ഛിച്ചു. പടധ്വനികൾ മാറ്റൊലി കൊണ്ടു. ആബൂനാ ഏകനായി നിന്ന് ശത്രുസൈന്യ പാരാവാരപ്പരപ്പിനെ നേരിടണമായിരുന്നു. ... ഒറ്റയ്ക്കുനിന്ന്, പയറ്റിപ്പഴകിയ ശത്രുസൈന്യത്തെ എതിരിടണമായിരുന്നു. സൈന്യത്തിന്റെ ഈടേറിയ കവചം ധരിച്ചുകൊണ്ട്, കണ്ണീർകണങ്ങൾ സ്തോത്രകാഴ്ചയായി ദൈവത്തിനു മുമ്പാകെ അർപ്പിച്ചുകൊണ്ട്, സ്വന്തം വിയർപ്പുചോലയിൽ കൈകാലുകൾ കഴുകിക്കൊണ്ട് സധീരം സമരം ചെയ്ത ആ ധർമ്മഭടൻ വിജയശ്രീലാളിതനായി. വിജയപതാകയുമേന്തി ശത്രുവലയത്തിൽ നിന്ന് സ്വതന്ത്രനായി പുറത്തേക്കുവന്നു" (ബഥനിയുടെ പനിമലർ, പേജ് 88, 89).

9

മാർ ഈവാനിയോസ് റോമൻ കത്തോലിക്കാ സഭയിൽ

ബഥനി ആശ്രമത്തിൽ നിന്ന് ഇറങ്ങിപ്പോയ മാർ ഈവാനിയോസും അനുയായികളും വെണ്ണിക്കുളത്ത് ഒരു വാടകവീട്ടിൽ താമസിച്ചതായിട്ടാണ് അറിവ്. 1930 സെപ്റ്റംബർ 30-നു മാർ ഈവാനിയോസും മാർ തെയോഫിലോസും മറ്റ് ചിലരും കൊല്ലം ലത്തീൻ ബിഷപ്പ് ഡോ. ബൻസിഗർ മുമ്പാകെ മുട്ടുകുത്തി ഉർബാൻ എട്ടാമൻ പാപ്പാ നിർദ്ദേശിച്ചിട്ടുള്ള സത്യവാചകങ്ങൾ ചൊല്ലി റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു.

ഇപ്രകാരം സത്യവാചകം ചൊല്ലി റോമാസഭയിൽ ചേർന്ന ബഥനി ആശ്രമസ്ഥരുടെ കൂട്ടത്തിൽ ആബൂനാ അലക്സിയോസിന്റെ പേര് കാണാഞ്ഞതു മൂലം വൈദികരും അവൈദികരുമായ പല സുറിയാനി സഭാനേതാക്കളും ബഥനി ആശ്രമം സന്ദർശിച്ചു തുടങ്ങി. മാനസികമായും ശാരീരികമായും ക്ഷീണിച്ച ഫാ. അലക്സിയോസിനെ ഈ സന്ദർശനങ്ങൾ ധൈര്യപ്പെടുത്തി. അദ്ദേഹത്തിന്റെ പത്ഥ്യം കഴിഞ്ഞ് കോട്ടയത്ത് ചെന്ന് കാതോലിക്കാ ബാവായെയും വട്ടശ്ശേരിൽ മെത്രാച്ചനെയും കണ്ട് പ്രത്യേകം അനുഗ്രഹം വാങ്ങി. തുടർന്ന് ഓർത്തഡോക്സ് സഭയിൽ വിശ്വസ്തരായി നിന്ന ബഥനി സന്യാസികൾ ഫാ. അലക്സിയോസിനെ ആശ്രമാദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. ഈ പ്രതിസന്ധിയെ തരണം ചെയ്തതിനെക്കുറിച്ച് ഫാ. അലക്സിയോസ് പിന്നീട് പറഞ്ഞിട്ടുള്ളത് 'ദൈവം തന്നെ നടത്തി' എന്നത്രെ.

മാർ ഈവാനിയോസിന്റെ സഭാപരിവർത്തനം നാട്ടിൽ സംസാരവിഷയമായി. അനുകൂലമായും പ്രതികൂലമായും പല പ്രചാരണങ്ങൾ മദ്ധ്യതിരുവിതാംകൂറിൽ നടന്നു. ചില സ്ഥലങ്ങളിൽ ബഥനിപ്പള്ളികളുടെ മേൽ റീത്തുകാരുടെ കൈയേറ്റശ്രമങ്ങൾ ഉണ്ടായെങ്കിലും ഓർത്തഡോക്സ് സഭാവിശ്വാസികളുടെ ശക്തിയായ എതിർപ്പു മൂലം പലയിടങ്ങളിലും ആ ഗൂഢശ്രമം വിജയിച്ചില്ല. തിരുവല്ല ബഥനിപ്രസ്സ്, ബഥനി അരമന (വട്ടശ്ശേരിൽ തിരുമേനിയുടെ പണം കൊണ്ട് പണിയിച്ചത്), ബഥനിപ്പള്ളി എന്നിവയുടെ കൈവശത്തെ സംബന്ധിച്ച് ചങ്ങനാശേരിയിൽ നിന്ന് വരുത്തിയ റൗഡികളും തിരുവല്ലായിലെ ഓർത്തഡോക്സ് സഭാവിശ്വാസികളും തമ്മിൽ ഏറ്റുമുട്ടലുകളും മറ്റും ഉണ്ടായി. രണ്ടു മൂന്നു മാസത്തോളം ഈ സംഘർഷാവസ്ഥ നിലനിന്നതിനുശേഷം റീത്തുകാർക്കു പിന്മാറേണ്ടി വന്നു. വടശേരിക്കര ബഥനിപ്പള്ളി കൈവശപ്പെടുത്തുന്നതിനുള്ള റീത്തുകാരുടെ ശ്രമവും സ്ഥലത്തെ മാർത്തോമ്മാക്കാരുടെയും ഓർത്തഡോക്സുകാരുടെയും എതിർപ്പു മൂലം പരാജയപ്പെട്ടു. പെരുനാട്ടിൽ മാർ ഈവാനിയോസിന്റെ റീത്തുപ്രസ്ഥാനത്തിന് ഒട്ടും ജനപിന്തുണ ഇല്ലെന്നു മനസ്സിലാക്കിയതിനാൽ പെരുനാട് ബഥനിപ്പള്ളി കൈവശപ്പെടുത്താൻ ശ്രമിച്ചില്ല. വെണ്ണിക്കുളം ബഥനിപ്പള്ളി കുറച്ചുനാൾ റീത്തുകാർ കൈവശപ്പെടുത്തി വച്ചുകൊണ്ടിരുന്നെങ്കിലും ഓർത്തഡോക്സ് സഭാവിശ്വാസികളുടെ ശക്തമായ എതിർപ്പു മൂലം അതിൽനിന്ന് അവർ പിന്മാറി. ഇതുപോലെ പല പള്ളികളിലും സംഭവിച്ചു.

മാർ ഈവാനിയോസിന്റെ വളരെ നാളത്തെ പ്രവർത്തനകേന്ദ്രമായിരുന്ന പെരുനാട്ടിലെ ബഥനിപ്പള്ളിയിൽ കൂടിനടന്നിരുന്ന ഒരുത്തരും റീത്തുപ്രസ്ഥാനത്തെ ഒട്ടും അനുകൂലിച്ചില്ല. സമീപപ്രദേശമായ വടശേരിക്കര ബഥനിപ്പള്ളിയിൽ കൂടിനടന്നിരുന്നവരിൽ ഒരു തയ്യൽക്കാരനെയും ആറ്റുകടവിലുള്ള എസ്റ്റേറ്റു വാച്ചറെയും അല്ലാതെ മറ്റൊരുത്തരെയും റീത്തുപ്രസ്ഥാനത്തിനു ലഭിച്ചില്ല. മലങ്കരസഭയിലെ ആദ്യത്തെ 'എം.എ.' അച്ചൻ എന്ന നിലയിൽ സമുദായ നേതൃമണ്ഡലത്തിലും വിദ്യാഭ്യാസരംഗത്തും സുധീരനേതൃത്വം കൊടുത്ത കോട്ടയം പട്ടണത്തിൽ നിന്ന് ആരും റീത്തുപ്രസ്ഥാനത്തെ സ്വാഗതം ചെയ്തില്ല. സർവോപരി മാർ ഈവാനിയോസിന്റെ ജന്മനാടായ മാവേലിക്കരയിലെ സ്ഥിതി, എന്തായിരുന്നു? ഇതേക്കുറിച്ച് തന്റെ 'രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ' എന്ന പുസ്തകത്തിൽ (പേജ് 49) കെ. വി. മാമ്മൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "മലങ്കരസഭയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനു വട്ടശ്ശേരിൽ മെത്രാപ്പോലീത്ത നടത്തിയ സമരത്തിനും, കാതോലിക്കാ സിംഹാസന പരിരക്ഷണത്തിനും പരിപോഷണത്തിനും സമുദായത്തിന്റെ പൊതുവായ ഉന്നമനത്തിനും മാവേലിക്കര ഇടവകയും അംഗങ്ങളും സാരമായ സംഭാവനകൾ നൽകിയിട്ടുണ്ട്. കാതോലിക്കാ സ്ഥാപനം മലങ്കരയിലേക്ക് മാറ്റുന്നതിന് വലംകൈ ആയി നിന്നു പ്രവർത്തിച്ച ഫാ. പി. റ്റി. ഗീവർഗീസിന്റെ (മാർ ഈവാനിയോസ്) സേവനങ്ങൾ അക്കാര്യത്തിൽ അവിസ്മരണീയങ്ങളാണ്. മലങ്കരയിലെ ആദ്യത്തെ എം.എ. ബിരുദധാരിയായ പട്ടക്കാരൻ അദ്ദേഹമായിരുന്നു. ഇത്രയും പ്രഗത്ഭനായ മാർ ഈവാനിയോസിന്റെ റീത്തു പ്രസ്ഥാനത്തിനു മാവേലിക്കരയിൽ ഒരു നേരിയ ചലനംപോലും സൃഷ്ടിക്കാൻ കഴിഞ്ഞില്ല." യാതൊരു ചലനവും ഉണ്ടായില്ലെന്നു മാത്രമല്ല അദ്ദേഹത്തിന്റെ സ്വന്തം കുടുംബമായ പണിക്കരു തറവാട്ടിൽപെട്ട പലരും അദ്ദേഹത്തിന്റെ റീത്തുപ്രസ്ഥാനത്തിൽ ചേരാതെ മാതൃസഭയായ ഓർത്തഡോക്സ് സഭയിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമത്രെ.

മലങ്കരയിലെ പ്രഥമ കാതോലിക്കാ ആയിരുന്ന മുറിമറ്റത്തിൽ പ. ബസ്സേലിയോസ് പൗലൂസ് ഒന്നാമൻ ബാവായുടെ സ്ഥാനാരോഹണത്തിന്റെ 60-ാം വാർഷികം പ്രമാണിച്ചു യുവജനപ്രസ്ഥാനം 1992-ൽ പ്രസിദ്ധപ്പെടുത്തിയ സ്മരണികയിൽ മാവേലിക്കര സ്വദേശി കൂടിയായ ഡോ. പി. സി. അലക്സാണ്ടർ "എന്റെ വിദ്യാഭ്യാസകാലത്തെ സഭ: ചില സ്മരണകൾ" എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളുടെ ആരംഭത്തിൽ, മാവേലിക്കരയുടെ പ്രിയ പുത്രനായ മാർ ഈവാനിയോസ് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നപ്പോഴാണ് ഓർത്തഡോക്സ് വിശ്വാസത്തിൽ ആ ഇടവകയ്ക്കുള്ള ഉറപ്പിന്റെ മാറ്റു തെളിഞ്ഞത്. തന്റെ സ്വന്തം ഇടവകയിൽ നിന്നു ഗണ്യമായ ഒരു വിഭാഗം തന്നെ അനുഗമിക്കുമെന്നായിരുന്നു മാർ ഈവാനിയോസ് പ്രതീക്ഷിച്ചത്. എന്നാൽ തന്റെ കുടുംബത്തിൽപെട്ട മിക്കവരും ഉൾപ്പെട്ട മാവേലിക്കര ഇടവക മാതൃസഭയിൽതന്നെ ഉറച്ചു നിന്നുവെന്നത് മാർ ഈവാനിയോസിന് വലിയ നിരാശയാണുണ്ടാക്കിയത്."

മലങ്കര സുറിയാനി സഭയിൽ നിന്നും മറ്റും ചുരുക്കം ചില മെത്രാന്മാർ മാർ ഈവാനിയോസിന്റെ കാലത്തും അതിനുശേഷവും റീത്തിൽ ചേർന്ന കാര്യം സഭാചരിത്ര വിദ്യാർത്ഥികൾക്ക് അറിവുള്ളതാണല്ലോ. ഇവരുടെ ഓരോരുത്തരുടെയും കുടുംബാംഗങ്ങളെ സംബന്ധിച്ചും ഏറെക്കുറെ ഇതു തന്നെയായിരുന്നു അനുഭവം എന്ന് തീർച്ചയായും പറയാം.


വയോവൃദ്ധനായ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ 1923-ൽ ശീമയ്ക്കുപോയ അവസരത്തിൽ മലങ്കര സമുദായം വക പല സ്കൂളുകളുടെയും മേലന്വേഷണം (മാനേജ്മെന്റ്) ഫാ. പി. റ്റി. ഗീവർഗീസിനെ (മാർ ഈവാനിയോസ്) ഏല്പിച്ചിരുന്നല്ലോ. എന്നാൽ, മാർ ഈവാനിയോസ് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ ഈ സ്കൂളുകളുടെ ചുമതല തിരികെ മലങ്കര മെത്രാപ്പോലീത്തായെ ഏല്പിക്കുവാൻ കൂട്ടാക്കിയില്ല. തന്റെ പ്രിയ ശിഷ്യന്റെ (മാർ ഈവാനിയോസ്) ഈ വിശ്വാസവഞ്ചന വട്ടശ്ശേരിൽ മെത്രാച്ചന് വളരെ ഹൃദയവേദനയുണ്ടാക്കി. ഗത്യന്തരമില്ലാതെ വട്ടശ്ശേരിൽ മെത്രാച്ചൻ മാർ ഈവാനിയോസിനെ പ്രതിയാക്കി കേസു കൊടുത്തു.

ഹരിപ്പാട് മുൻസിഫ് കോടതിയിൽ 112-ാമാണ്ട് സിവിൽ 202-ാം നമ്പരിൽ പ്രതിഭാഗം ഒന്നാം സാക്ഷിയായി മാർ ഈവാനിയോസ് 118 തുലാം 27 മുതൽ കൊടുത്ത മൊഴിയിൽ ഇപ്രകാരം കാണുന്നു: "മലങ്കര സുറിയാനി സഭ എം.ഡി. സ്കൂൾ എന്ന സ്കൂളുകളില്ല. എം.ഡി. സ്കൂളുകൾ എന്നറിയപ്പെടുന്ന ഏതാനും സ്കൂളുകൾ ഉണ്ട്. അത് ഒരു സമുദായം വകയും അല്ല. അതിന്റെ മാനേജരുടെ വകയാണ്. .... എം.ഡി. സ്കൂൾ എന്നതിന്റെ പൂർണമായ അർത്ഥം മാർ ഡയനീഷ്യസ് സ്കൂൾ എന്നാണ്. പുലിക്കോട്ടിൽ മാർ ഡയനീഷ്യസിന്റെ (മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു) നാമത്തിലോ ബഹുമാനാർത്ഥമോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ... 1098-ൽ ഗീവർഗീസ് ഡയനീഷ്യസിന്റെ (വട്ടശ്ശേരിൽ) മാനേജുമെന്റിലുണ്ടായിരുന്ന ചില സ്കൂളുകൾ അന്നു കത്തനാരായിരുന്ന നമ്മുടെ മാനേജ്മെന്റിലേക്കു വിട്ടുതന്നു. ആ സ്കൂളുകളും എം.ഡി. സ്കൂളുകൾ എന്നാണ് പറയപ്പെടുന്നത്. ഇപ്പോഴും നാം മാനേജരാണ്. അതിനെക്കുറിച്ച് വ്യവഹാരം ഇപ്പോഴും നടക്കുന്നുണ്ട്."

സുദീർഘമായ വിചാരണ കഴിഞ്ഞ്, മാർ ഈവാനിയോസിന്റെ കാലശേഷം ഈ സ്കൂൾകേസ് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി വിധിച്ചു. ഇതുപോലെതന്നെ ചേപ്പാട്ട് ഓർത്തഡോക്സ് പള്ളിവക യു.പി. സ്കൂൾ മാനേജ്മെന്റ് സംബന്ധിച്ചും മാർ ഈവാനിയോസിനെ പ്രതിയാക്കി പള്ളിക്കാർ കേസു നടത്തി അനുകൂലമായ വിധി സമ്പാദിച്ച് സ്കൂൾ തിരികെ ഏറ്റെടുക്കുകയാണുണ്ടായത്.

(തുടരും)

അജു ജോ ശങ്കരത്തിൽ ഗവേഷണ ബിരുദം നേടി



കോയമ്പത്തൂർ കാരുണ്യ സർവ്വകലാശാലയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ അജു ജോ ശങ്കരത്തിൽ ഗവേഷണ ബിരുദം കരസ്ഥമാക്കി. കോട്ടയം പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജ് ഓഫ് എൻജിനീയറിങ്ങിൽ മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന അജു ജോ ഗവേഷണത്തിന്റെ ഭാഗമായി നാല് ഇന്ത്യൻ പേറ്റൻറ്കളും, വിവിധ ഇൻറർനാഷണൽ പിയർ റിവ്യൂവേഡ് ജേണലുകളിലായി നാല് പേപ്പറുകൾ പബ്ലിഷ് ചെയ്യുകയും, വിവിധ അന്താരാഷ്ട്ര കോൺഫറൻസുകളിൽ അഞ്ച് പേപ്പറുകൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

(തുടരും)

ലേഖനം

കോനാട്ട് ഗ്രന്ഥപ്പുര

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ


കേരളത്തിലെ സാംസ്കാരികവും മതപരവുമായ വളർച്ചയുടെ തായ്‌വേരുകൾ മതപാഠശാലകളിലാണ്. മതപാഠശാലകൾ വിദ്യാർത്ഥികളുടെ ബഹുമുഖ വളർച്ചയെ ലക്ഷ്യമാക്കി ക്രമീകരിച്ചിരുന്നു. ഗുരു-ശിഷ്യ ബന്ധത്തിന് ആഴവും പരപ്പും നൽകിയ ഗുരുകുല വിദ്യാഭ്യാസ മാതൃകയിലുള്ള ക്രൈസ്തവ മത പഠനകേന്ദ്രത്തിന് 'മല്പാൻ പാഠശാല' അഥവാ 'മല്പാൻ ഭവനങ്ങൾ' എന്നറിയപ്പെട്ടിരുന്നു.


മല്പാൻ ഭവനം വിദ്യാനികേതനമാണ്. ആദ്ധ്യാത്മികതയുടെ പ്രഭവസ്ഥലമാണ്. മല്പാന്മാർ ക്രൈസ്തവ സഭയുടെ വിശ്വാസപ്രമാണങ്ങൾ വിശദീകരിച്ചു കൊടുത്ത വേദജ്ഞാനികളായിരുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ ജ്ഞാനസമാർജ്ജനത്തിന്റെ സംഗമവേദിയായിരുന്നു മല്പാൻ ഭവനങ്ങൾ. ഇത്തരം മല്പാൻ പാഠശാലകൾ കഴിഞ്ഞ നൂറ്റാണ്ടിൻറെ മധ്യദശകം വരെ കേരളത്തിൻറെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്നു.

മല്പാൻ ഭവനങ്ങളോടനുബന്ധിച്ച് ഗ്രന്ഥപ്പുരകളുണ്ടായിരുന്നു. അപൂർവ്വമായ ഗ്രന്ഥങ്ങൾ സമാഹരിക്കുന്നതിനും പകർത്തി സൂക്ഷിക്കുന്നതിനും മല്പാന്മാർ അതീവപാടവം നേടിയിരുന്നു. മല്പാന്മാരുടെ നിരന്തരമായ കഠിനാദ്ധ്വാനവും ഗവേഷണ താല്പര്യവുമാണ് ഗ്രന്ഥപ്പുരകൾക്ക് കരുത്ത് പകർന്നത്. വിവിധ കാരണങ്ങളാൽ മല്പാൻ ഭവനങ്ങളിലെ ഗ്രന്ഥപ്പുരകൾ കൃത്യമായി സംരക്ഷിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ആധുനിക സംവിധാനങ്ങളേടെ നിലനിൽക്കുന്ന ആദ്യകാല മല്പാൻ ഭവന ഗ്രന്ഥപ്പുരയാണ് പാമ്പാക്കുടയിലെ കോനാട്ട് ലൈബ്രറി. പതിമൂന്നാം നൂറ്റാണ്ടു മുതലുള്ള അപൂർവ്വ സുറിയാനി ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന ഭാരതത്തിലെ ഏക മല്പാൻ ഭവനഗ്രന്ഥപ്പുരയും ഇതാണ്.

എറണാകുളം ജില്ലയിൽ പിറവത്തിനും മൂവാറ്റുപുഴയ്ക്കും മദ്ധ്യേയുള്ള പാമ്പാക്കുടയിലാണ് ഈ അതിപുരാതന ഗ്രന്ഥാലയം 1877-ൽ പശ്ചിമ ജർമ്മനിയിലെ സികിർക്കസിന്റെ കേരള ഭൂപടത്തിൽ ഭൂമിശാസ്ത്രപരമായി വലിയ പ്രാധാന്യമില്ലാത്ത പാമ്പാക്കുട എന്ന കൊച്ചുഗ്രാമം അടയാളപ്പെടുത്തിയിട്ടുണ്ട്. കോനാട്ട് ഗ്രന്ഥപ്പുരയുടെ മാഹാത്മ്യം പാശ്ചാത്യർ അന്നേ മനസ്സിലാക്കിയതിന്റെ ഉത്തമ ദൃഷ്ടാന്തമാണിത്. ഏഴ് തലമുറകളുടെ സ്വകാര്യസ്വത്തായ ഈ ഗ്രന്ഥഖനിയിൽ നൂറ്റാണ്ടുകളുടെ ചരിത്രവും സംസ്കാരവും സമാഹരിച്ചിരിക്കുന്നു. പാശ്ചാത്യ സുറിയാനി ഭാഷാചരിത്രഗവേഷകർ എല്ലാ വർഷവും ഇവിടെ സന്ദർശിച്ച് ആവശ്യമായ ഗവേഷണ വിഭവങ്ങൾ ശേഖരിക്കാറുണ്ട്.

ചരിത്രരേഖയനുസരിച്ച് കോനാട്ട് കുടുംബത്തിലെ ഏഴാം തലമുറക്കാരനും 24-ാമത്തെ വൈദികനും ഓർത്തഡോക്സ് വൈദിക സെമിനാരി മുൻ പ്രിൻസിപ്പാളുമായ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടാണ് ഗ്രന്ഥപ്പുരയുടെ അവകാശി. ഓരോ തലമുറയിലെയും വേദശാസ്ത്രനിപുണരായ മല്പാന്മാർ ശേഖരിച്ചതും പകർത്തിയതും സ്വന്തമായി എഴുതിയതുമായ ഗ്രന്ഥങ്ങളാണ് ഇവിടെ സംരക്ഷിച്ചിരിക്കുന്നത്. പുസ്തകങ്ങളെക്കാൾ അധികം സുറിയാനി കൈയെഴുത്തുപ്രതികളാണ് ഇവിടെ സൂക്ഷിച്ചിരിക്കുന്നത്. ഒന്നാം തലമുറയിലെ കോനാട്ട് ഗീവർഗീസ് മല്പാൻ അനന്തരാവാശിക്ക് എഴുതികൊടുത്ത വിൽപത്രത്തിൽ സ്വത്തുക്കളോടൊപ്പം 'എന്റെ വക പുസ്തകങ്ങൾ ഒക്കെയും തനിക്ക്





കോനാട്ട്
മാത്തൻ മല്പാൻ



കോനാട്ട്
അബ്രഹാം മല്പാൻ

സന്തോഷത്താലെയും വാഴ്‌വാലേയും തന്നിരിക്കുന്നു' എന്ന് എഴുതിയിട്ടുണ്ട്. ദായക്രമത്തിൽ പുസ്തകങ്ങളും അവകാശിയെ ഏൽപിക്കുന്ന പാരമ്പര്യം പാമ്പാക്കുട കോനാട്ട് കുടുംബത്തിൽ നിലനിന്നിരുന്നു. സുറിയാനി ഗ്രന്ഥങ്ങൾ സമാഹരിക്കുന്നതിലും സംരക്ഷിക്കുന്നതിലും അത്യുത്സാഹം കാട്ടിയത് കോനാട്ട് മാത്തൻ മല്ലാൻ (1860-1928) ആയിരുന്നു. പുസ്തകങ്ങൾ നമ്പരിട്ട് കാറ്റലോഗിൽ ക്രമപ്പെടുത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചു.

കോനാട്ട് ഗ്രന്ഥപ്പുരയിലെ പല ഗ്രന്ഥങ്ങളുടെയും മൈക്രോഫിലിം പാരീസ്, ലണ്ടൻ, റോം, വത്തിക്കാൻ, കേംബ്രിഡ്ജ് സർവ്വകലാശാലകളിൽ സൂക്ഷിച്ചിരിക്കുന്നു. ഭാരതത്തിലെ വേദശാസ്ത്ര-ചരിത്രഗവേഷകർ പാശ്ചാത്യ നാടുകളിൽ നിന്നാണ് കോനാട്ട് ലൈബ്രറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നത്. പാശ്ചാത്യ സർവ്വകലാശാലകളിൽ ഇല്ലാത്ത പല സുറിയാനി കൈയെഴുത്തുപ്രതികളും കോനാട്ട് ഗ്രന്ഥപ്പുരയിൽ ഉണ്ടെന്ന് കേരളത്തിലെ സുറിയാനി കൈയെഴുത്തുപ്രതികളെക്കുറിച്ച് പഠനം നടത്തിയ വാൻഡർപ്ലോഗ് രേഖപ്പെടുത്തിയിട്ടുണ്ട്. (The Syriac manuscripts of St. Thomas. J.P.M. Vander Ploeg, Bangalore 1983)

സുറിയാനിയുടെ ഏറ്റവും പഴയ ലിബിയായ 'എസ്രാഗേല', സുറിയാനി, ഹീബ്രു, ഗ്രീക്ക്, അരമായ, അറബി, ഇംഗ്ലീഷ്, തമിഴ്, മലയാളം എന്നീ ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ ഈ ഗ്രന്ഥപ്പുരയിൽ സൂക്ഷിച്ചിരിക്കുന്നു. മലയാളം, സുറിയാനി ലിബിയിൽ എഴുതിയിരിക്കുന്ന ഗർശൂനിയുമുണ്ട്. നിരവധി കൈഎഴുത്തുപ്രതികളും താളിയോലകളും പുസ്തകങ്ങളുമുള്ള ഈ ഗ്രന്ഥപ്പുരയിലെ മുക്കാൽ ഭാഗവും പതിനേട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ രചനകളാണ്.

കോനാട്ട് ഗ്രന്ഥാലയത്തിൽ 200 ലധികം സുറിയാനി കൈയ്യെഴുത്ത് പ്രതികൾ (Manuscript) ഉണ്ട്. ഇവയിൽ ഏറ്റവും പഴയ മാനുസ്ക്രിപ്റ്റ് നമ്പർ 33 ആണ്. ഇത് സുറിയാനി ഭാഷയിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനും പണ്ഡിതനുമായ ബാർ എബ്രായുടെ ഹൂദായ കാനോനാണ് (Book of Rules). 1286-ൽ എഴുതിയ ഇത് ലോകത്തെ ഏറ്റവും പഴയ ഹൂദായ കാനോൻ മാനുസ്ക്രിപ്റ്റാണ്. ഹുദായ കാനോന്റെ ഇത്രയും പഴക്കമുള്ള മാനുസ്ക്രിപ്റ്റ് ലോകത്ത് എവിടെയും ഇല്ല എന്നാണ് പണ്ഡിതർ പറയുന്നത്. വത്തിക്കാനിൽ 15-ാം നൂറ്റാണ്ടിലും പാരീസിൽ 19-ാം നൂറ്റാണ്ടിലും എഴുതിയ മാനുസ്ക്രിപ്റ്റാണ് ഇപ്പോഴുള്ളത്.



ഊർശ്ലേം യാത്രാ
വിവരണം

വിശുദ്ധ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ചരിത്രസംഭവങ്ങൾ നടന്ന സ്ഥലവും ദാവീദ മുതലായ മഹാരാജാക്കന്മാരുടെ രാജധാനിയും ലോകരക്ഷകനായ യേശു മിശിഹായുടെ കാല്പാദങ്ങളാലും അതിശയപ്രവൃത്തികളാലും ലോകത്തിൻ പാപങ്ങളെ നീക്കികളയുന്ന ദിവ്യകുഞ്ഞാടിൻ ജീവബലിയാലും ശുദ്ധീകരിക്കപ്പെട്ടതുമായ ഊർശ്ലേം പട്ടണവും അതിൽ സ്ഥാപിച്ചിട്ടുള്ള വിലയേറിയ മാണിക്യങ്ങളാകുന്ന കർത്താവിൻ കബർ മുതലായ പരിശുദ്ധ സ്ഥലങ്ങളും സന്ദർശിച്ച് അനുഗ്രഹങ്ങളെ പ്രാപിക്കണമെന്ന വളരെക്കാലമായി നമ്മിൽ ആഗ്രഹം ജനിച്ചിരുന്നു. ഊർശ്ലേമിലെ നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ ഗീവറുഗീസ ബാവാ മുതലായ പല പിതാക്കന്മാരുടെ എഴുത്തുകൾ ഈ ആഗ്രഹത്തെ വർദ്ധിപ്പിച്ചുംവന്നിരുന്നു. എങ്കിലും ഒരു അഭീഷ്ടസാദ്ധ്യത്തിനു പ്രതിബന്ധങ്ങളായി പല കാരണങ്ങളും തുടരെ തുടരെ നേരിട്ടിരുന്നതിനാൽ അവധി കുറിച്ചു വരുമ്പോൾ പരിശുദ്ധപിതാവായ ന..ാമത്തെ പത്രോസ ഇഗ്നാത്യോസ പാത്രിയർക്കീസുബാവാ തിരുമനസ്സി

1423-ൽ രചിച്ചതും യെരുശലേമിൽ ഉപയോഗിച്ചിരുന്നതുമായ വേദപുസ്തക വായനപടി (awsar roze) ശ്രദ്ധേയമായ മറ്റൊരു കൈഎഴുത്തു പ്രതിയാണ്. തുർക്കിയിലെ ബിഷപ്പായിരുന്ന ബസ്സേലിയോസിൽ നിന്നും ലഭിച്ചതാണിത്. ബാർ എബ്രായുടെ പ്രശസ്തമായ വേദപുസ്തക വ്യാഖ്യാനവും ഇവിടെയുണ്ട്. ഇത് ആഞ്ഞൂർ ഗ്രന്ഥാലയത്തിലുള്ള കൈഎഴുത്തു പ്രതിയുടെ പകർപ്പാണ്. അപ്രകാശിതമായ ഈ കൈഎഴുത്തു പ്രതി ആഞ്ഞൂരും കോനാട്ടും മാത്രമേ യുള്ളു.

1718, 1732, 1783, 1792 എന്നീ വർഷങ്ങളിൽ കേരളത്തിൽ വച്ച് പകർത്തിയ സുറിയാനി വേദപുസ്തക കൈഎഴുത്തുപ്രതികൾ, 1804-ൽ കോനാട്ട് അബ്രഹാം മല്പാൻ കേരളത്തിൽ വെച്ച് പകർത്തിയ സമ്പൂർണ്ണമായ പഴയ നിയമം, ദിവന്നാസിയോസ് ബർസ്ലീബിയുടെ വേദപുസ്തക വ്യാഖ്യാനം, പരുമല തിരുമേനിയുടെ കൈപ്പടയിലുള്ള ഗ്രന്ഥങ്ങൾ എന്നിവ പ്രത്യേകം പരിഗണന അർഹിക്കുന്നു. വേദപുസ്തക സംബന്ധമായ ഒട്ടനവധി വ്യാഖ്യാനഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്നു. ഇതിൽനിന്നും ഡോ. ക്ലോഡിയസ് ബുക്കാനൻറെ കേരള സന്ദർശനത്തിന് മുമ്പേ സുറിയാനി വേദപുസ്തകത്തിനും വ്യാഖ്യാനപഠനത്തിനും പരക്കെ അംഗീകാരം ലഭിച്ചിരുന്നു എന്നു കരുതാം.

മലയാളത്തിലെ ശ്രദ്ധേയമായ പല കൃതികളും ഇവിടെയുണ്ട്. കായംകുളം ഫിലിപ്പോസ് റമ്പാൻ, ഡോ. ബഞ്ചമിൻ ബയിലി, ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, കോനാട്ട് മാത്തൻ മല്പാൻ എന്നിവർ വിവർത്തനം ചെയ്ത മലയാളം ബൈബിൾ, പുകടിയിൽ ഇട്ടൂപ്പ് റൈട്ടറുടെ മലങ്കര സഭാചരിത്രം. അയ്മനം പി. ജോണിന്റെ ഇന്ത്യാചരിത്രം, ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ സത്യവേദ കഥകൾ, പരുമല മാർ ഗ്രീഗോറിയോസിന്റെ ഊർശ്ലേം യാത്രാവിവരണം, നടപടിക്രമം, റവ. ജോർജ്ജ് മാത്തന്റെ സത്യവേദഖടം, സംയുക്തി, മലയാള നോവലിന്റെ പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രാഗ്രൂപങ്ങളായ പരദേശി മോക്ഷയാത്ര (1847) സഞ്ചാരിയുടെ പ്രയാണം (1847) തിരുപോരാട്ടം (1865) ആൾമാറാട്ടം (1866) ഘാതകവധം (1877) പുല്ലേലിക്കുഞ്ചു (1882) പരിഷ്ക്കാരപ്പൊതു (1892) കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ എബ്രായകുട്ടി, കൊച്ചീപ്പൻ തരകന്റെ മറിയാമ്മ, മധുവർജ്ജനം; ആദ്യകാല ചെറുകഥകളായ വാഴത്തോട്ടം, വിതയും കൊയ്ത്തും... തുടങ്ങി പല ഗ്രന്ഥങ്ങളും ഇവിടെ സൂക്ഷിച്ചിരിക്കുന്നു. 17-ഉം 18-ഉം നൂറ്റാണ്ടിൽ എഴുതിയിട്ടുള്ള ക്രൈസ്തവ പാനകളുടെയും കീർത്തനങ്ങളുടെയും വലിയ ഒരു ശേഖരവും ഇവിടെയുണ്ട്. ആദ്യകാല സഭാപഞ്ചാംഗങ്ങളുടെ 1907, 1908 ശേഖരവും ഇവിടെ ഉണ്ട്.

വേദശാസ്ത്രം തർക്കശാസ്ത്രം, ജ്യോതിശാസ്ത്രം, തത്വശാസ്ത്രം, സാഹിത്യം എന്നീ വിഭാഗങ്ങളിലായി നിരവധി ഗ്രന്ഥങ്ങളും കൈഎഴുത്തു പ്രതികളും കോനാട്ട് ഗ്രന്ഥപ്പുരയിൽ ഉണ്ട്. സുറിയാനി ഭാഷയിലുള്ള പുസ്തകങ്ങളുടെ പ്രചരണത്തിനായി 1879-ൽ കോനാട്ട് ഗ്രന്ഥപ്പുരയോടു അനുബന്ധിച്ച് ഒരു അച്ചുകൂടം സ്ഥാപിച്ചു. ഭാരതത്തിലെ പ്രഥമ സുറിയാനി അച്ചുകൂടമായി ഇത് അറിയപ്പെടുന്നു, ഇവിടെ നിന്ന് 1891-ൽ 'സീമസ്ഹായേ' എന്ന സുറിയാനിയിൽ ഒരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. ഭാരതത്തിൽ പ്രസിദ്ധീകരിച്ച പ്രഥമ സുറിയാനി മാസികയാണിത്.

മലങ്കരസഭ സന്ദർശിച്ച പാത്രിയർക്കീസന്മാരും മെത്രാപ്പോലീത്തന്മാരും കോനാട്ട് കുടുംബത്തിലെ മല്പാന്മാർക്ക് സമ്മാനിച്ച ഗ്രന്ഥങ്ങളാണ് അധികവും. മധ്യപൂർവ്വദേശങ്ങളിൽ നിന്നും യെറുശലേം, അന്ത്യോഖ്യാ, സിറിയ, ബാബിലോൺ, പേർഷ്യ എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള കൈഎഴുത്തു പ്രതികളുമുണ്ട്. മധ്യപൂർവ്വദേശങ്ങളിലെ ലൈബ്രറികളിൽ സൂക്ഷിക്കുന്ന അപൂർവ്വ ഗ്രന്ഥങ്ങൾ കോനാട്ട് മല്പാന്മാർ കാലാകാലങ്ങളിൽ റോയൽറ്റി നൽകി പകർത്തി എഴുതി വാങ്ങിച്ചിരുന്നു.

ഭാഷാ-ചരിത്ര-സാഹിത്യത്തിൽ മല്പാന്മാർക്കുണ്ടായിരുന്ന അതീവ തീക്ഷ്ണത പ്രകടമാക്കുന്ന ഈ ഗ്രന്ഥപ്പുര പാശ്ചാത്യഗവേഷകരുടെ ഒരു അക്ഷയ ഖനിയാണ്.

തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറിയ കോനാട് ഗ്രന്ഥപ്പുരയിലെ സുറിയാനി ചരിത്രരേഖകൾ ഗവേഷകർക്ക് പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തുവാൻ പര്യാപ്തമാണ്.

◆

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് മുൻപുള്ള ഞായർ

(വി. യോഹന്നാൻ 13:31-36)

ഫാ. ജെറിൻ ജോൺ അടൂർ



നമ്മുടെ കർത്താവിന്റെ ഉയിർപ്പിനു ശേഷം നടത്തുന്ന പ്രഭാഷണമാണ് വിശുദ്ധ യോഹന്നാന്റെ ഇന്നത്തെ സുവിശേഷഭാഗം. ഈ ഭൂമിയിൽനിന്നും കടന്നുപോകുന്നതിനു മുൻപുള്ള വചനങ്ങളാകയാൽ ഇതിനെ "വിടവാങ്ങൽ" പ്രഭാഷണമെന്ന് ബൈബിൾ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു. ഈ ഭൂമിയിൽ ക്രിസ്തുവിന്റെ സകല പ്രവർത്തനങ്ങളുടെയും അടിസ്ഥാനം പിതാവായിരുന്നു. പിതാവിന്റെ സ്നേഹമാണ് അവിടുത്തെ വാക്കിലും എല്ലാ പ്രവൃത്തികളിലും അത്ഭുതങ്ങളിലും വെളിപ്പെടുന്നത്. അത് അവിടുത്തെ സ്നേഹത്തിൻറെയും കാരുണ്യത്തിന്റെയും ചെയ്തികളായിരുന്നു. ഈ സുവിശേഷ സംഭവങ്ങളിൽ പിതാവ് പുത്രനെയും, പുത്രൻ പിതാവിനെയും മഹത്വപ്പെടുത്തുന്നു. അത് ക്രിസ്തുവിന്റെ വേർപാടോടെ തീരുന്നില്ല, മറിച്ച്, പരിശുദ്ധാത്മാവിൻറെ ആഗമനത്തിലും, ചൈതന്യത്തിലും സകല വിശ്വാസികളുടെയും ജീവിതസമർപ്പണത്തിലും തുടരേണ്ടതാണ് നാം, ക്രൈസ്തവർ ജീവിക്കേണ്ട സ്നേഹവഴിയാണിത്, ജീവന്റെ വഴി!

ദൈവസ്നേഹം:മനുഷ്യ പരിമിതികൾക്കതീതമായത്

ക്രിസ്തു നമ്മെ സ്നേഹിച്ചു. അവിടുന്ന് നമ്മെ സ്നേഹിച്ചത് നമ്മുടെ ദൗർബല്യങ്ങളെയും, പരിമിതികളെയും മാനുഷിക ബലഹീനതകളെയും പരിഗണിക്കാതെയാണ്. തന്റെ സ്നേഹത്തിന് അതിരുകളും അന്ത്യവുമില്ലെന്ന് അറിഞ്ഞുകൊണ്ട് ദൈവം ഓരോരുത്തരെയും അവിടുത്തെ സ്നേഹത്തിന് യോഗ്യരാക്കിതീർത്തു. പുതിയ കല്പന നൽകിയതിലൂടെ നാം പരസ്പരം സ്നേഹിക്കുവാൻ നമ്മോടു ആഹ്വാനം ചെയ്യുന്നു. നമ്മുടെ സ്നേഹം കൊണ്ടല്ല മറിച്ച് അവിടുത്തെ സ്നേഹത്തിലൂടെ മറ്റുള്ളവരെ സ്നേഹിക്കണമെന്ന് യേശു പഠിപ്പിക്കുന്നു. ഈ സ്നേഹം നമ്മിൽ നിവേശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. വിശ്വാസത്തോടെ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുമ്പോൾ ആത്മാവു നമ്മുടെ ഹൃദയത്തിലേക്ക് ദൈവസ്നേഹത്തെ നിവേശിപ്പിക്കും.

ഈ മാർഗ്ഗത്തിലൂടെ മാത്രമാണ് നമ്മെ സ്നേഹിക്കുന്ന പോലെയല്ല ദൈവം നാം സ്നേഹിക്കുന്നത് പോലെ നമുക്ക് പരസ്പരം സ്നേഹിക്കുവാൻ കഴിയുന്നത്. അതുവഴി നമുക്ക് വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ നവീകരിക്കുവാനും പ്രത്യാശയുടെ ചക്രവാളം തുറക്കുന്ന ദൈവസ്നേഹത്തെ പരത്തുവാനും സാധിക്കും.

യേശുവിന്റെ സ്നേഹം പ്രത്യാശയുടെ ചക്രവാളത്തെ തുറക്കുന്നതായിരുന്നു. ഈ സ്നേഹം നമ്മെ ദൈവത്തിന്റെ പുതിയ ജനമാക്കി. അതാണ് പരിശുദ്ധ സഭ. ക്രിസ്തുവിനെ സ്നേഹിക്കുവാനും ക്രിസ്തുവിൽ പരസ്പരം സ്നേഹിക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻറെ കുരിശിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹം കല്ലു പോലെയുള്ള നമ്മുടെ കഠിനഹൃദയത്തെ മാംസളമാക്കി രൂപപ്പെടുത്തുന്ന ശക്തിയുള്ള സ്നേഹത്തിൽ ജീവിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. ഈ സ്നേഹത്തെ നാം സ്നേഹിക്കുകയാണെങ്കിൽ നമ്മുടെ ഹൃദയവും യേശുവിന്റെ സ്നേഹത്താൽ രൂപാന്തരപ്പെട്ടു കൊണ്ടേയിരിക്കും. ഈ സ്നേഹം നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാനും നമ്മെ ദ്രോഹിക്കുന്നവരോടു ക്ഷമിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു.

തമ്മിൽ തമ്മിലുള്ള സ്നേഹം: അനുരഞ്ജനത്തിന് നിദാനമായത്

തങ്ങളുടെ പ്രഥമസംഗമത്തിൽ എഡ്വിൻ സ്റ്റാന്റൻ, അമേരിക്കൻ പ്രസിഡൻറ് എബ്രഹാം ലിങ്കനെ വ്യക്തിപരമായും തൊഴിൽപരമായും അധിക്ഷേപിക്കുകയും "ദൂരവ്യാപക അധികാരമുള്ള ജീവി" എന്ന് പരാമർശിക്കുകയും ചെയ്തു. എന്നാൽ ലിങ്കൺ, സ്റ്റാന്റന്റെ കഴിവുകളെ പ്രശംസിക്കുകയും, അദ്ദേഹത്തോട് ക്ഷമിക്കുവാൻ തീരുമാനിക്കുകയും, ആത്യന്തികമായി, സ്റ്റാന്റനെ ആഭ്യന്തര യുദ്ധകാലയളവിൽ മന്ത്രിസഭയിലെ ഒരു സുപ്രധാന പദവിയിൽ നിയമിക്കുകയും ചെയ്തു. സ്റ്റാൻറൺ പിന്നീട് ലിങ്കണെ ഒരു സുഹൃത്തിനെപ്പോലെ സ്നേഹിക്കുന്ന തലത്തിലേയ്ക്കുയർന്നു. ഫോഡ്സ് തിയേറ്ററിൽ വെച്ച് പ്രസിഡൻറ് വെടിയേറ്റു കിടന്നപ്പോൾ "ഇപ്പോൾ ഇവൻ യുഗങ്ങൾക്കുള്ളവനാണ്" എന്ന് പറഞ്ഞ് രാത്രി മുഴുവനും ലിങ്കന്റെ കിടക്കയ്ക്കരികിൽ നിന്നത് സ്റ്റാന്റൺ ആയിരുന്നു.

അനുരഞ്ജനം ഹൃദ്യമായ ഒരു വസ്തുതയാണ്. അപ്പൊസ്തലനായ പത്രോസ് യേശുവിന്റെ അനുഗാമികളെ ഇപ്രകാരം ഓർമ്മിപ്പിച്ചു. "സകലത്തിനും മുമ്പേ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു." (1 പത്രൊസ് 4: 8). തന്റെ ക്രിസ്തു നിരാകരണവും (ലൂക്കോസ് 22:54-62), ക്രൂശിലൂടെ യേശു അദ്ദേഹത്തിന് (നമുക്ക്) വാഗ്ദാനം ചെയ്ത പാപക്ഷമയും താൻ വിചിന്തനം ചെയ്തിരുന്നുവോ എന്ന് എന്നിൽ അദ്ഭുതം ഉളവാക്കുന്നതാണ് പത്രോസിന്റെ വാക്കുകൾ.

ക്രൂശിലെ തന്റെ മരണത്തിലൂടെ യേശു പ്രകടമാക്കിയ അഗാധമായ സ്നേഹം നമ്മുടെ പാപങ്ങളുടെ കടത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുകയും ദൈവിക അനുരഞ്ജനത്തിനുള്ള നമ്മുടെ വഴി തുറക്കുകയും ചെയ്യുന്നു (കൊലൊസ്സിയർ 1:19-20). സ്വശക്തിയിൽ നമുക്ക് ക്ഷമിക്കുവാൻ സാധ്യമല്ലെന്നുള്ള ബോധ്യത്തിൽ, നമ്മെ സഹായിക്കുവാൻ അവിടുത്തോട് നാം അപേക്ഷിക്കുമ്പോൾ, ദൈവിക ക്ഷമ; മറ്റുള്ളവരോടു ക്ഷമിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. നമ്മുടെ രക്ഷകൻ മറ്റുള്ളവരെ സ്നേഹിക്കുന്നതിനാൽ നാം അവരെ സ്നേഹിക്കുകയും അവിടുന്ന് നമ്മോട് ക്ഷമിച്ചതിനാൽ നാം ക്ഷമിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മുടെ പൂർവ്വകാല അനുഭവങ്ങളിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുകയും കൃപയുടെ മനോഹരമായ നവതലങ്ങളിലേക്ക് അവിടുത്തോടൊപ്പം നമ്മെ മുന്നിലേയ്ക്കു നടത്തുകയും ചെയ്യുന്നു.

ദൈവസ്നേഹം: യഥാർത്ഥ സ്വാതന്ത്ര്യമാണ്, അപരനെ കീഴടക്കുന്ന സ്വാർത്ഥസ്നേഹം അല്ല

ക്രിസ്തു പഠിപ്പിക്കുന്ന മൗലികസ്നേഹത്തിനു വിപരീതമാണ് അപരനെ കീഴടക്കുന്ന സ്വാർത്ഥസ്നേഹം. അത് സ്വാതന്ത്ര്യമില്ലാത്ത സ്നേഹമാണ്. സ്വാതന്ത്ര്യമില്ലാത്ത സ്നേഹം സ്നേഹമല്ല. ക്രിസ്തു തരുന്ന സ്വാതന്ത്ര്യം അവിടുത്തെ ക്ഷമിക്കുന്ന സ്നേഹമാണ്. സ്നേഹത്തിന പേരിൽ അപരനെ പിടിച്ചെടുക്കാനും, കൈയ്യടക്കാനുമുള്ള ഒരു പ്രവണത മനുഷ്യരിൽ സ്വാഭാവികമാണ്. അത് വളർന്നുവരുന്നുണ്ട് ഇത് രസകരമായി തോന്നാമെങ്കിലും, സ്വാർത്ഥസ്നേഹമാണത്. ആധുനിക ലോകത്തിന്റെ ഉപഭോഗസംസ്കാരം ഈ പ്രവണത മനുഷ്യരിൽ കൂടുതൽ വളർത്തുന്നുമുണ്ട്.

ഒരിക്കൽ ശാന്തിനികേതനിലെ തോട്ടത്തിൽ കുരുവിയെ പിടിച്ചുകെട്ടിയ കുട്ടികളോട് രബീന്ദ്രനാഥ ടാഗോർ പറഞ്ഞത്, "മക്കളേ, ഒരു കുരുവിയെ ചെറിയ ചരടുകൊണ്ടെന്നല്ല, പട്ടുനൂലുകൊണ്ടോ, സ്വർണ്ണനൂലുകൊണ്ടുപോലും കെട്ടിയാൽ അത് സ്വതന്ത്രമല്ല." കുട്ടികൾ ആ കിളിയെ ഉദ്യാനത്തിൽ കൊണ്ടുപോയി പറത്തിയെന്നാണ് കഥ! അപ്പോൾ യഥാർത്ഥമായ സ്നേഹമെന്തെന്ന് വെളിപ്പെട്ടു കിട്ടും. അത് അപരനെ ശുശ്രൂഷിക്കുന്നതും സംരക്ഷിക്കുന്നതും ആദരിക്കുന്നതുമാണ്. അവരുടെ അന്തസ്സും അവകാശങ്ങളും മാനിക്കുന്നതാണ്.

തുറവും സുതാര്യതയുമുള്ളതാണ് യഥാർത്ഥമായ സ്നേഹം, ഉത്തരവാദിത്വമുള്ളതും ശ്രേഷ്ഠവുമായ ഗുണഗണമാണ്. സ്നേഹം, അത് ആജീവനാന്തം നിലനില്ക്കുന്നതാണ്. മാത്രമല്ല, വലിയ ജീവിത സ്വപ്നങ്ങൾ ഉള്ളവർക്ക് അത് അനുദിനം നിർവ്വഹിക്കേണ്ട ജീവിതകൃത്യവുമാണ്. സ്വപ്നങ്ങൾ ഇല്ലാത്തവർക്കും അവ മെനയാൻ ധൈര്യപ്പെടാത്തവർക്കും ജീവിതം ദുരിതമായിരിക്കും. ഓരോ പ്രായത്തിനും ജീവിതഘട്ടത്തിനും ഇണങ്ങുന്ന സ്വപ്നങ്ങൾ കാണാതെ വിരമിച്ചു കഴിയുന്നത് അത്ര നല്ലതല്ല!.

അപ്പോൾ നമുക്കെങ്ങനെ സ്നേഹത്തിൽ വളരാം എന്ന ചോദ്യത്തിന് ഉത്തരം ക്രിസ്തുവാണ്! വിശുദ്ധ കുർബാനയിൽ അവിടുന്ന് തന്നെത്തന്നെ നമുക്കായി നല്കുന്നു. അനുരഞ്ജനത്തിന്റെ കൂദാശയിൽ അവിടുന്നു തന്റെ ക്ഷമയും സമാധാനവും പകർന്നുനല്കുന്നു, അവിടുത്തെ വചനം നമുക്കു ജീവമാർഗ്ഗദീപമാകുന്നു. അങ്ങനെ നമ്മിൽ വർഷിക്കുന്ന ദിവ്യസ്നേഹം ജീവിതത്തിൽ സ്വാംശീകരിച്ച് സഹോദരങ്ങളുമായി പങ്കുവയ്ക്കപ്പെടാനായാൽ ജീവിതം സ്നേഹപൂർണ്ണമാക്കാം.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

FIFTH SUNDAY AFTER NEW SUNDAY (Jn. 13:31-36)

Fr. Sajoie Samuel



On 09th May, the Church celebrates 'Swargarohanam' perunal or Ascension or 'Suloqo' of Jesus. After forty days of His resurrection, Jesus ascended to Heaven signifying His victory over death and thereby breaking the shackles of the evil one. The Gospel portion for the fifth Sunday after New Sunday is taken from John 13:31 - 36.

I. RECIPROCATION OF GLORY: THE DIVINE WAY TO ENRICH EARTHLY RELATIONSHIPS (vs 31-32)

When the Son of Man was suffering on the Cross, the Heavenly Father blessed Him with eternal glory which made even His critics to accept His divine Sonship. The Father on His own, gave glory to the Son, without the assistance of angels or any other superhuman force. So when the Father glorifies the Son when the latter was on the Cross, three days later, the Son glorifies the Father when He gained victory over death. While Jesus was on the Cross, God the Father glorified Him so that their relationship would be a live example for every father and son ever born on earth.

Jesus attributes all His glory to the Heavenly Father. Jesus never appropriated to Himself the glory derived from His earthly teachings and miracles. Instead He gives all glory to His Father. So there is a willful submission by which the Father blesses the Son with grace. No other prophet or king or human being had shown such allegiance to the Heavenly Father as shown by the Messiah Himself. As a result, God elevates Jesus to such spiritual heights that none before Him or after Him could boast of the Heavenly glory bestowed.

So let each earthly son glorify his father. Let each father adorn his offspring with blessings so that together, both can mirror the Heavenly 'koinonia' and make the earth a better place to live. The prodigal son's father is the epitome of love in being able to forgive the younger son of all the iniquities he committed.

II. STRENGTHEN YOUR EARTHLY RELATIONS WITH LOVE FOR THAT IS THE FOUNDATION OF THE CHURCH (vs 34- 35)

Why does Jesus give a 'new' commandment to His discipes, when the exhortation to love was quite prominent even in Old Testament times? Lev 19:18 states this clearly. We are exhorted to love back our brethren as he loved us first. But in Jesus this love is redefined. His love for us was free and without any ultimate need. He has loved us, without knowing us or our deeds. For the same reason, Jesus died for our sins. And we are supposed to follow the same path of love. This is the new commandment of Jesus Christ. To be able to freely love our neighbour even when we owe him/her nothing. By showing this love to their kinsmen, says the Lord : "By this shall all men know you".

Love could conquer what miraculous activities could not. Miracle workers are not guaranteed the Kingdom of Heaven as love is the prerequisite to enter it. Its because love prevailed among the disciples that they were able to unite as a unit and preach the Good News of the Kingdom of Heaven. They abounded in love, so they could work miracles. So 'the multitude of them that believed were of one heart and one soul' (Acts 4:32)

To conclude, Jesus ascended to heaven after leading a life in accordance to the will of His Heavenly Father. Throughout His life, He had a blameless and pure existence which shows us how to be perfect as He is. Let this life of perfection guide us through. The days after the feast of Ascension till Pentecost are days of Preparation, the days in which we are waiting for the coming of the Holy Spirit upon us. May we be able to lead a life worthy of it. Amen.

❑

സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ലോകം മുഴുവൻ സാത്താന്റെ ഭയങ്കരമായ ശക്തി കാണുന്നു. ചിന്തിക്കാത്ത അക്രമം; അതായത് ഒരാൾ ഒരു ദിവസം അല്പം കുടിച്ചിട്ട്, കാണുന്നവരെയെല്ലാം തോക്കെടുത്ത് വെടിവയ്ക്കുന്നു. അമേരിക്കയിൽ സാധാരണ നടക്കുന്ന സംഭവമാണ്. ഒരു കാരണവും വേണ്ട. തന്നെത്താനെ ഇരിക്കുമ്പോൾ എനിക്ക് പുറത്തേയ്ക്ക് പോയി കുറേപ്പേരെ വെടിവയ്ക്കണമെന്ന് തോന്നുക. തോക്കെടുത്ത് വെടിവയ്ക്കുക. ഇതാണ് ചിന്തിക്കാത്ത അക്രമം. സാത്താൻ അവനിൽ പ്രവേശിച്ച് അവനെക്കൊണ്ട് ചെയ്യിക്കുന്നതാണ്. അങ്ങനെയുള്ള അനേക തിന്മകൾ അമേരിക്കയിൽ മാത്രമല്ല ഇവിടെയും ഉണ്ടെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. നമ്മുടെ ആളുകളിലും സാത്താൻ പ്രവേശിച്ച് അനേക തിന്മകൾ ചെയ്യിക്കുന്നു. അങ്ങനെ തിന്മകൾ ചെയ്യിച്ച് സാത്താൻ കൂടുതൽ ശക്തിപ്രാപിക്കുന്ന ഒരു കാലമാണ്.

എന്റെ വാത്സല്യമുള്ളവരേ, സഭ എന്തിനാണ്? ലോകം മുഴുവനും തിന്മയിലേക്ക് പോകുന്ന സമയത്ത് അതിന്റെ പുറകെ സഭയും പോകാതെ സഭ ദൈവഹിതം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു സമൂഹമായി, ദൈവത്തിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു കോളനിയായി, നന്മയ്ക്ക് വേണ്ടി മാത്രം നിൽക്കുന്ന നേരും നീതിയുമുള്ള സമൂഹമായി, മനുഷ്യസ്നേഹമുള്ള ഒരു സമൂഹമായി, ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു സമൂഹമായി, ഇന്ന് നിലനിന്നെങ്കിൽ മാത്രമേ സാത്താന്റെ ശക്തി നശിച്ചുപോകുകയുള്ളു.

എന്റെ വാത്സല്യമുള്ളവരേ, നാം ഓരോരുത്തരും നീതിയോടും വിശുദ്ധിയോടും വ്യാജം പറയാതെയും മറ്റുള്ളവരെ വഞ്ചിക്കാതെയും ദ്രവ്യാഗ്രഹം കൊണ്ട് തെറ്റായ കാര്യങ്ങൾ ചെയ്യാതെയും ഇനിയും ജീവിച്ചില്ല എങ്കിൽ സാത്താന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. ഞാനും നേരോടും നീതിയോടും സത്യസന്ധതയോടും ദുരാഗ്രഹമില്ലാതെയും താഴ്മയോടും ജീവിച്ചെങ്കിൽ മാത്രമേ എന്റെ സഭയ്ക്ക് നന്മയുണ്ടാകുന്നുള്ളു; ഈ ലോകത്തിനു നന്മയുണ്ടാകുന്നുള്ളു. സഭ സഭയായി തീരണം. സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം. സഭ ക്രിസ്തുവിന്റെ ശരീരമായി, ക്രിസ്തുവിന്റെ സ്വഭാവം ലോകത്തിന് കാണിച്ചു കൊടുക്കണം.

(1994 നവം.2-ന് പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ ചെയ്ത പ്രസംഗം)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പിതൃ നന്മകളുടെ കിണറുകൾ

സോനു സജി

ഉറവകളെ കണ്ടെത്തുവാനുള്ള നിതാന്തമായ പരിശ്രമം മനുഷ്യന്റെ എക്കാലത്തേയും ജീവന്റെ നിലനില്പിനായുള്ള പോരാട്ടമായിരുന്നു. ഉറവകളുടെ കണ്ടെത്തൽ ഒരു തലമുറയുടേതല്ല. പല തലമുറകളുടെ വിജയമാണ്. ജീവികളുടെ കൂടും മനുഷ്യന്റെ കൂടാരവും സംസ്കാരങ്ങളുമെല്ലാം സജീവമാക്കപ്പെട്ടതും പടുത്തുയർത്തപ്പെട്ടതും ഉറവകളുടെ സുഖശീതളിമയിലായിരുന്നു. ഇന്നലകളുടെ അദ്ധ്വാനങ്ങൾക്കും പ്രതീക്ഷകൾക്കുമുള്ള ഇന്നിന്റെ സമ്മാനമായിരുന്നു ഓരോ നീരുറവയും. മരുഭൂമിയുടെ കഠിനതകളും അലച്ചിലുകളുടെ വല്ലായ്മയും ജീവിതയാത്രയ്ക്ക് പ്രഹരമേല്പിക്കുമ്പോൾ സ്വസ്ഥതയും സ്ഥിരതയു സ്വപ്നം കാണുന്നവർക്ക് തലമുറകൾക്ക് കൈമാറുവാൻ സ്വർഗം വര പ്രസാദമായി നൽകുന്ന പുണ്യമാണ് നീരുറവകൾ.ആ പുണ്യം പ്രാപിച്ചെടുക്കുകയും പകർന്ന് നൽകുകയും ചെയ്തവനാണ് ഇസഹാക്ക് .

ഊഷരതയിൽ നിന്നും ഉർവ്വരതയിലേക്കുള്ള പ്രയാണമദ്ധ്യത്തിലാണ് യിസഹാക്ക് ഗേരാർ താഴ്വരയിൽ കൂടാരമടിച്ചത്. ഗേരാർ ദേശത്തും ഗേരാർ താഴ്വരയിലും യിസഹാക്കിന്റെ കൂടാരത്തിന് പിതാവായ അബ്രഹാം പണിത കൂടാരത്തിന്റെ അടി സ്ഥാനങ്ങളും ശേഷിപ്പുമുണ്ട്. പിതാവിന്റെ നന്മകൾ ഓർമ്മയിൽ സൂക്ഷിക്കുന്ന യിസഹാക്ക് പണിതുയർത്തുന്ന ഓരോ കൂടാരവും കൈമോശം വരാത്ത ദൈവീക വാഗ്ദത്തത്തിന്റെ ഉറപ്പുള്ള നിത്യ നിയമങ്ങൾ തന്നെയാണ്. തലമുറകൾക്ക് എന്നെന്നേക്കുമായി ദൈവത്തിൽനിന്നും അബ്രഹാം പിതാവിന് പകർന്നുകിട്ടിയ വാഗ്ദത്തങ്ങളുടെ നീരുറവകൾ മണ്ണിട്ട് മൂടുവാനോ മൂടപ്പെട്ട് കിടക്കുവാനോ യിസഹാക്ക് ആഗ്രഹിക്കുന്നില്ല. ഫെലിസ്ത്യർ മൂടിക്കളഞ്ഞ, അബ്രഹാം കുഴിച്ച ഓരോ കിണറും പുനർനിർമ്മി ക്കുന്നതിനുള്ള യിസഹാക്കിന്റെ അദമ്യമായ ആഗ്രഹം, ദൈവം ഒഴുക്കിത്തന്ന നീരുറവകളെ പ്രാപിക്കുന്നതിനുള്ള യിസഹാക്കിന്റെ അതീവ താല്പര്യത്തെ വെളിവാക്കുന്നു. അപരന്റെ നന്മകളെ മണ്ണിട്ടുമൂടി ആർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത നിഷ് ഫലതയുടേയും മഹാപാതകത്തിന്റേയും സംസ്കാരത്തെ പിൻ തുടരുവാൻ യിസഹാക്ക് തയ്യാറാകുന്നില്ല. പിതാവിന്റെ വിശ്വാസ തീവ്രതയും ദൈവീക ഇടപെടലിന്റെ മഹത്വവും കണ്ടും അനുഭവിച്ചും അറിഞ്ഞവനാണ് യിസഹാക്ക്. ജീവിതാനുഭവങ്ങളുടേയും ദേശാന്തര യാത്രകളുടേയും വേലിയേറ്റങ്ങളിലും വേലിയിറക്കങ്ങളിലും സന്തുലിതാവസ്ഥയുടെ പാഠങ്ങൾ ഇന്നലെകളുടെ മരുഭൂമിയിൽ പഠിച്ചെടുക്കുകയും പകർന്നു നല്കുകയും ചെയ്ത പാരമ്പര്യമാണ് തന്റേതെന്ന ഉൾബോധ്യം യിസഹാക്കിലുണ്ട്. യിസഹാക്ക് പുനരുദ്ധരിക്കുന്ന 'സിത്ന' (ശത്രുത), ഏശെക് (ശണ്ഠ) എന്നീ കിണറുകളെക്കുറിച്ച് ഗെരാർ ദേശക്കാർ ശണ്ഠ യിടുമ്പോൾ ശത്രുതയുടേയും ശണ്ഠയുടേയും പാരമ്പര്യമല്ല താൻ പിൻതുടരുന്നതെന്ന് ഗെരാർ ദേശവാസികൾക്ക് കാണിച്ചു കൊടുക്കുന്ന യിസഹാക്ക് ഭൂമിയിലെ ഉറവകളായ താൽക്കാലിക നന്മകളേക്കാൾ ഏറെ മൂല്യവും വിലയുമുള്ളതാണ് ദൈവം പകർന്നു നല്കിയ പിതൃനന്മകളെന്ന് തെളിയിച്ചുകൊണ്ട് കിണറുകളെ വിട്ടുനല്കുന്നു. യിസഹാക്ക് വീണ്ടും സ്വസ്ഥതയുടേയും ശാന്തതയുടേയും നീരുറവകൾ അന്വേഷിച്ച് അവയെ പുനരുജ്ജീവിപ്പിക്കുന്നു.

ഇന്നലകളുടെ നന്മകളും സൗഹൃദങ്ങളും മണ്ണിട്ട് മൂടുകയും അവയ്ക്ക് മുകളിൽ സ്വാർത്ഥതയുടെ ബഹുനിലകെട്ടിടങ്ങൾ പണിയുകയും അഹന്തയുടേയും കലഹത്തിന്റേയും ശത്രുതയുടേയും സംസ്കാരം നിറയ്ക്കുകയും ഭീതിപ്പെടുത്തുന്ന ശവകുടീരങ്ങളാക്കി മാറ്റുന്ന പാഴ്ജന്മങ്ങൾക്ക് വെല്ലുവിളി ഉയർത്തുകയാണ് ഇസഹാക്ക്. പിതാക്കന്മാരിൽ ജീവിത വിശുദ്ധികൊണ്ടും നന്മകൾ കൊണ്ടും യിസഹാക്ക് വേറിട്ട് നില്ക്കുന്നു. ഒരിക്കൽ യാഗമൃഗമായി വിധിക്കപ്പെട്ട യിസഹാക്ക് തന്റെ ജീവിതം ദൈവത്തിനും ദേശത്തിനും സൗരഭ്യവാസനയുള്ള യാഗമായി സമർപ്പിക്കുന്നു. യിസഹാക്ക് പുനർനിർമ്മിക്കുന്ന കിണറുകൾക്കെല്ലാം തന്റെ അപ്പൻ നൽകിയ പേരുകൾ തന്നെയാണ് നല്കുന്നത്. താൻ കുഴിച്ച കിണറുകൾക്ക് വേണ്ടി ഗേരാർ ദേശത്തിലെ ഇടയന്മാർ ശണ്ഠയിടുമ്പോൾ സിത്നായെന്നും ഏശെക് എന്നും പുനർനാമകരണം ചെയ്യുന്നതിലൂടെ ശത്രുതയും കലഹവും തലമുറകളിലേക്ക് പകരപ്പെടുവാനും



കൂട്ടിച്ചേർക്കുവാനും പാടില്ലാത്ത സംസ്കാരശൂന്യതകളാണെന്ന് യിസഹാക്ക് വിളിച്ചറിയിക്കുന്നു. തലമുറ കളിലേക്ക് പകരപ്പെട്ട ഈ സന്ദേശവും സാക്ഷ്യവും ഏശാവ് യാക്കോബ് ബന്ധങ്ങളിൽ വെളിപ്പെടുന്നുണ്ട്. തന്നെ ചതിച്ച് കടന്നുപോയ യാക്കോബ് മടങ്ങിവരുമ്പോൾ ഏശാവ് ഏറെ വാത്സല്യത്തോടും സ്നേഹത്തോടുകൂടിയുമാണ് അനുജനെ സ്വീകരിക്കുന്നത്. പകയുടേയും പിണക്കത്തിന്റെയും പാഠങ്ങൾ മറന്ന് യോസേഫ് എത്ര സ്നേഹത്തോടെയാണ് സഹോദരന്മാരെ സ്വീകരിക്കുന്നത്. നന്മയുടെ കിണറുകളും സ്നേഹത്തിന്റെ ഉറവു കളും വറ്റിപ്പോകാതെ തലമുറകളോളം നിലനില്ക്കും.

ശണ്ഠകളും വഴക്കുകളും അവകാശവാദങ്ങളുമില്ലാത്ത സ്വസ്ഥതയുടെ അന്വേഷണത്തിൽ യിസ്ഹാക്ക് കുഴിക്കുന്ന കിണറാണ് രെഹോബോത്ത്. ദൈവം നല്കുന്ന ഇടവും ദൈവം നല്കുന്ന വർദ്ധനയുമാണ് ശാശ്വതമായിട്ടുള്ളതെന്ന സാക്ഷ്യപ്പെടുത്തലാണ് യിസ്ഹാക്കിന്റേത്. വിശുദ്ധതകളും നന്മകളും കാത്തുസൂക്ഷിച്ചിരുന്ന പല സുകൃതങ്ങളും മരിച്ച് മണ്ണടിഞ്ഞിട്ടും സ്വാർത്ഥതകൾ കൊണ്ട് മൺകൂനകൾ മേൽക്കുമേൽ പണിതെടുത്തിട്ടും ഒരു മഴയ്ക്കോ ഗതിമാറുന്ന ഒരു പുഴയ്ക്കോ അലിയിച്ചുകളയാവുന്ന തിനപ്പുറം ഒരു മൺകൂനയും പണിതെടുക്കുവാൻ കഴിയില്ലെന്ന് തിരിച്ചറിയാതെ പോകുന്നത് എന്താണ്? കലഹിച്ചെടുത്തതും കവർന്നെടുത്തതും ഒരു നാൾ അവൻ സ്വന്തമാക്കുമെന്ന് തിരിച്ചറിയാഞ്ഞത് എന്താണ്. നന്മയുടെ കിണറുകൾ കുഴിക്കുന്നവന് തിന്മയുടെ തൊടികൾ വെട്ടിക്കൊടുക്കുന്നവർ അറിയുക ഉറവുകളുടെ ഉടയവൻ ഉയരത്തിലാണ് ഉള്ളതെന്ന്.

ഭൂമിയുടെ മണ്ണിൽ ലൗകികതയുടെ കിണറുകൾക്ക് മേലായി ആത്മീയതയുടെ ആഴമുള്ള നീരുറവുകളെ കണ്ടെത്തിയവനാണ് അബ്രഹാം. പിതാവായ അബ്രഹാം വെട്ടിയെടുത്ത വിശ്വാസത്തിന്റെ നീർത്തടങ്ങൾ നന്മയുടെ നാളേക്കായി യിസ്ഹാക്ക് പുനരുദ്ധരിക്കുന്നു. മൺമറഞ്ഞുപോയ ഇന്നലകളിലെ ജീവദായക മായ നന്മകളെ പുനരുജ്ജീവിപ്പിക്കുവാൻ കഴിയുമ്പോഴാണ് അബ്രഹാമിന്റേയും യിസ്ഹാക്കിന്റേയും യാക്കോബിന്റേയും യോസഫിന്റേയും ദൈവമെന്ന പ്രാർത്ഥനയും അഭിസംബോധനയും അർത്ഥവത്തായിത്തീരുന്നത്. കാലങ്ങൾ നികത്തിയ പിതൃ നന്മകളുടെ കിണറുകൾ വീണ്ടും കുഴിക്കാം. ആത്മാവിന്റെ മാധുര്യമുള്ള ഉറവകൾ ഇനിയും ഒഴുകട്ടെ.

❑